Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 85 | മാർച്ച് 28 ഞായർ | തൃശ്ശൂർ | വില 10 പൈസ | പേജ് 6

ഫ്രീമാൻ എത്തി

(പി. ടി. ഐ) ന്യൂഡൽഹി, മാ. 27

ഇന്ത്യയിലെ ബ്രൂട്ടീഷ് ഉപഹൈക്കമ്മീഷണറായി സ്ഥാനമേൽക്കാൻ മി. ജോൺ ഫ്രീമാൻ ഇന്നിവിടെ എത്തിയിരിക്കുന്നു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപ്പതിപ്പ് പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13 50	3 00
1 മാസത്തേയ്ക്ക്	2 25	1 50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

സിലോൺ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തു

മന്ത്രിസഭയിൽ 17 അംഗങ്ങളാം. തമിഴ് കോൺ. നേതാവ് പൊന്നമ്പലം ഇല്ല

മന്ത്രിമാർ വിലപിടിച്ച കാറുകളും, ഔദ്യോഗിക വസതികളും ഉപയോഗിക്കരുതെന്ന് തീരുമാനിച്ചു

(പി. ടി. ഐ.) കൊളമ്പോ, മാ. 27

ഗവണ്ണർ ജനറലിന്റെ വസതിയായ കവിൻസ് ഹൌസിൽവെച്ച് സേനാനായിക്ക് മന്ത്രിസഭയിലെ അംഗങ്ങളും ഇന്ന് കാലത്ത് സത്യപ്രതിജ്ഞചെയ്തു.

ദേശീയ ഗവണ്മെണ്ട് വിശേഷിപ്പിച്ചിട്ടുള്ള ഈ മന്ത്രിസഭയിൽ പ്രധാന മന്ത്രിയുൾപ്പെടെ 17 അംഗങ്ങളാണ് ഉള്ളത്. യുണൈറ്റഡ് നാഷനൽ പാർട്ടി, ശ്രീലങ്കാഫ്രീഡംസോഷ്യലിസ്റ്റ് പാർട്ടി, തമിഴ് ഫെഡറൽ പാർട്ടി, മഹാജന എക്സ് സാന്തം പെരുമുന എന്നിവർക്കുള്ളതാണ് പ്രതിനിധികം. അടുത്തിയാണ് ഈ മന്ത്രിസഭ.

തമിഴ് കോൺഗ്രസ്സ് നേതാവ് ജി. രാമനാഥനെയും മന്ത്രിസഭയിൽ ഉൾപ്പെടുത്തുമെന്ന് കേട്ടിരുന്നുവെങ്കിലും അവസാനനിമിഷത്തിൽ അദ്ദേഹത്തിനോ മറ്റാരു പേരോ കാണുന്നില്ല.

പ്രധാനമന്ത്രി സേനാനായിക്കിനോ സതീർത്ഥ്യനായ ഡഡ്‌ലി സേനാനായിക്ക് ആഭ്യന്തരവും, കൃഷി, ഫിലിപ്പ് ഗുണവർദ്ധന: വ്യവസായം, മത്സ്യബന്ധനം, ഹരിജൻ ക്ഷേമം എന്നിവയും, ഡഡ്‌ലിയുടെ പുത്രൻ ഡഡ്‌ലി സേനാനായിക്ക്: പ്രധാനമന്ത്രി, പ്രതിരോധം, വിദേശകാര്യം ജെ. ആർ. ജയവർദ്ധൻ: ധനം, പ്ലാനിംഗ് മന്ത്രി, എം. ഡി. ബന്ദാ: ഭക്ഷ്യം, കൃഷി, ഫിലിപ്പ് ഗുണവർദ്ധൻ: വ്യവസായം, മത്സ്യബന്ധനം, എം. എച്ച്. മൊഹമ്മദ്: തൊഴിൽകാര്യം, ഭവനം സുന്ദരലിംഗം: ധനമന്ത്രി ഉപയോഗിക്കേയുള്ള അദ്ദേഹം താമസിക്കുന്നതാണ് ഔദ്യോഗിക വസതിയിൽതന്നെയായിരിക്കും.

നാഷനലൈസ്സ് സ്കൂൾസുകാരം. തിരുവേൽവം: തൊഴിലില്ലായ്മ, അശോക കരുണാരത്നാ: സാമൂഹ്യസുവിസുകാരം സി. പി. ഡിസിൽവ: ഭൂമി, ജഡസേചനം, വിദ്യുച്ഛക്തി. ടോനായിക്ക്: ജനമന്ത്രം. ഡബ്ലിയു ദഹനായക്ക്: തുറമുഖം, വിമാനഗതാഗതം. വിജയമന്ത്രി: നിയമകാര്യം. മൊഹമ്മദ് ജയവർദ്ധനെ: ലാമ്മമായുണ്ടാക്കുള്ളതുവന്നാണ്. എന്നുകൊണ്ടാൽ ഒരു പഴുത്ത പഴംപോലെ തെക്കൻ വിയറ്റ്നാം തൻറെ മടിയിൽ വീഴുമെന്നാണ് ഹോച്ചിമിൻ വിശ്വസിക്കുന്നത്.

ഈ യുദ്ധത്തിൽ ജപ്പാൻ നേരിട്ട് ഇടപെടുകയാണെങ്കിൽ ആദ്യമായിത്തന്നെ ജപ്പാനെയും ഇന്തോനേഷ്യയും ബന്ധിക്കുന്ന പാലങ്ങളും റോഡുകളും മറ്റും അമേരിക്കൻ വിമാനങ്ങൾ ബോംബ് ചെയ്ത് തകർക്കുമെന്നാണ് ജനറൽ പ്രൈസ് പറഞ്ഞത്. ജപ്പാനുമായുള്ള കൂട്ടുകെട്ടിൽ ശിക്ഷിക്കുവാനും വിമാനങ്ങൾ ബോംബ് ചെയ്ത് തകർക്കുമെന്നാണ് ജനറൽ പ്രൈസ് പറഞ്ഞത്. ജപ്പാനുമായുള്ള കൂട്ടുകെട്ടിൽ ശിക്ഷിക്കുവാനും മറ്റുമുള്ള ശക്തി കേന്ദ്രങ്ങളെപ്പറ്റിയും തകർക്കുവാനുള്ള ഒരവസരം പിന്നീടൊരിക്കലുണ്ടാവുകയില്ലെന്നുതന്നെ ഉദ്യോഗസ്ഥന്മാർ കരുതുന്നുണ്ടെന്നും ജനറൽ പ്രൈസ് പറഞ്ഞു.

പരിപ്പ് റേഷൻകാർഡി പാക്ക് വെടിവെപ്പ് നിന്നിട്ടില്ല

(പി. ടി. ഐ) ക്വലാലംപൂർ മാ. 27

തിബെറ്റ്, ബഹ്റൈൻ, കാക്കാരിയ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള പാക്ക് വെടിവെപ്പ് നിന്നിട്ടില്ലെന്നും ഇന്നിവിടെ കിട്ടിയ ഔദ്യോഗിക റിപ്പോർട്ടിൽ കാണുന്നു. വെടിനിർത്തലിനെപ്പറ്റി പാക്ക് ഗവൺമെന്റിനും ഇതുവരെയായി യാതൊരു വിവരവുമില്ല.

....

നിഗ്രോ സമരത്തിനു് മറെറാരു രക്തസാക്ഷി!

പ്രകടനത്തിന്റെ അവസാനത്തിൽ ഒരു വെള്ളക്കാരിയെ വെടിവെച്ചുകൊന്ന 4 പേർ അറസ്റ്റിൽ

നിഗ്രോവിരുദ്ധ നിഗൂഢസംഘത്തെ നശിപ്പിക്കുമെന്നു് ജോൺസൺ

(റോയിട്ടർ) വാഷിംഗ്ടൺ, മാർച്ച് 27

മോണ്ട്ഗോമറിയിൽ നടന്ന വമ്പിച്ച നിഗ്രോ അവകാശപ്രകടനത്തിന്റെ അവസാനത്തിൽ നിഗ്രോ സമരത്തിനു് മൂന്നാമതു് ഒരു രക്തസാക്ഷികൂടി ഉണ്ടായിരിക്കുന്നു.

മോണ്ട്ഗോമറിയിൽനിന്നു് ഏതാണ്ടു് പ്രകടനക്കാരെ സെൽമയിൽ ഇറക്കിയതിനുശേഷം കാറിൽ മോണ്ട്ഗോമറിലേക്ക് തിരിച്ചുവരുകയായിരുന്ന ഒരു വെള്ളക്കാരിയായ മിസിസ് ലിയുസോണിനെ പിന്നിൽനിന്നു് വെടിവെച്ചു കൊല്ലുകയുണ്ടായി. മിസിസ് ലിയുസോണ് അഞ്ചുമക്കളുടെ അമ്മയാണ്. അവർക്ക് വെടിയേറ്റത് തലയിലോ, കഴുത്തിലോ ആണെന്നു് പോലീസ് പറഞ്ഞു.

ജോൺസൺറെ പ്രസ്താവന

അലബാമയിൽ ഉണ്ടായ ഒരു കൊലപാതകത്തെപ്പറ്റി "കു ക്ലക്സ് ക്ലാനിലെ നാലു് അംഗങ്ങളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു് പ്രസിഡണ്ട് ജോൺസൺ പ്രസ്താവിച്ചു. ഫെഡറൽ ഗവൺമെന്റിന്റെ ഉത്തരവുകൾ നടപ്പാക്കുന്നതിനു്

തൊഴിലാളി

പോസ്റ്റേജ് 90
ടെലഫോൺ 125
പ്രസിദ്ധീകരണം 455

1965 മാർച്ച് 28-ാംതീയതി ഞായർ

പി. എൽ. 480-ലെ പണം

പി. എൽ. 480 (P. L. 480) എന്ന് സാധാരണയായി പത്രങ്ങളിൽ ഒരു വാക്ക് കാണാറുണ്ടല്ലൊ. അമേരിക്ക 83-ാം കോൺഗ്രസ്സ് 1954-ൽ പാസ്സാക്കിയ ഒരു നിയമമാണ് കാർഷികവും പാര, വികസനസഹായ ആക്ട്. ആയതു് അമേരിക്കൻ കോൺഗ്രസ്സ് പാസ്സാക്കിയിട്ടുള്ള 480-മതെത്ത പൊതു നിയമം (പബ്ലിക്ക് ലൊ, Public Law) ആയതുകൊണ്ട് അതിനെ ചുരുക്കരൂപത്തിൽ പി. എൽ. 480 എന്നാണ് അറിയപ്പെടുന്നതു്.

അമേരിക്കൻ കോൺഗ്രസ്സ് നിയമിച്ച ഒരു കമ്മറിയിൽ ചിലർ പി. എൽ. 480 ലൂടെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം അമേരിക്കൻ പൊതുജനാഭിപ്രായത്തിന്റെ പ്രതിഫലനമായി കണക്കാക്കാതിരിക്കാൻ നിവൃത്തിമില്ല. പി എൽ. 480 പ്രകാരം അമേരിക്കയുടേതായി ഇന്ത്യയിൽ കൂന കൂടി കഴിഞ്ഞിരിക്കുന്ന, ഇനിയും വർദ്ധിച്ചു കൊണ്ടിരിക്കുന്ന പണത്തെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കമ്മറിക്കാർ വെക്കുകയുണ്ടായി. അമേരിക്ക ഇന്ത്യക്കു വില്ക്കുന്ന ഭക്ഷ്യകാർഷിക വിഭവങ്ങളുടെ വിലയായി ഇന്ത്യ കൊടുക്കാൻ കടപ്പെട്ടിട്ടുള്ള സംഖ്യയാണ് ഈ പി. എൽ. 480 ലെ പണംകൊണ്ട് വിവക്ഷിക്കുന്നതു്. ഈ പദ്ധതിപ്രകാരം അമേരിക്ക ഇന്ത്യക്ക് നൽകുന്ന കാർഷികവിഭവങ്ങളുടെ വില രൂപയായി ഇന്ത്യ കൊടുത്താൽ മതി. എന്നു പറഞ്ഞാൽ അതിനുപകരമായി മറ്റു സാധനസാമഗ്രികളൊന്നും അങ്ങോട്ട് കിട്ടുണമെന്നോ അമേരിക്ക ശഠിക്കയില്ലെന്നർത്ഥം. ഇങ്ങിനെ ഇന്ത്യയിൽകൂടി വരുന്ന അമേരിക്കക്കാരുടേതായ ഇന്ത്യൻ രൂപ ഇവിടെ സാമ്പത്തിക വികസനത്തിനു് സഹായിക്കാനാണ് അമേരിക്ക ഉദ്ദേശിച്ചിട്ടുള്ളതു്. ഇവിടെത്തന്നെയും ഇന്ത്യഗവണ്മെന്റിനു് അംഗീകരിക്കുന്ന പദ്ധതികൾക്കായി മാത്രമെ അമേരിക്ക ഉപയോഗിക്കാറുള്ളൂ. ഇന്നിപ്പോൾ പി. എൽ. 480 പ്രകാരമുള്ള സംഖ്യ 840 കോടിയുണ്ടെന്നു കാണുന്നു. അതായതു് ഇന്ത്യയിൽ ആകെയുള്ള മൊത്തം പണമായ 4000 കോടിയുടെ ഏകദേശം അഞ്ചിലൊരംശം എന്നർത്ഥം. ഇതു് ഇവിടെത്തന്നെ ചിലവാക്കിത്തീർക്കാൻ സാദ്ധ്യമല്ലെന്നു് അവർക്ക് തോന്നിത്തുടങ്ങിയതുകൊണ്ടാണു് എന്തൊ ഒരു പുതിയ നിർദ്ദേശം കോൺഗ്രസ്സ് കമ്മറി വെച്ചിട്ടുണ്ടു്. അതായതു് ഈ പണത്തിൽ കുറെ ഭാഗം ഇന്ത്യയിൽനിന്നു് സാധനസാമഗ്രികളും വാങ്ങുന്നതിനുപയോഗിച്ചു് പ്രസ്തുത സാധനസാമഗ്രികളും അനുരാജ്യങ്ങളിലെ അമേരിക്കയുടെ വികസനസഹായബാദ്ധ്യതകളും തീർക്കുന്നതിനുപയോഗിക്കാമെന്നു്.

ഈ നിർദ്ദേശം അമേരിക്കൻ ഭരണകൂടം തന്നെ എതിർക്കുമെന്നാണു് കരുതേണ്ടതു്. ഇപ്രകാരം ഇന്ത്യൻ പദാർത്ഥങ്ങളും വാങ്ങാൻ അമേരിക്ക ഒരുങ്ങിയാൽ വളരെ അധികം വാങ്ങേണ്ടിവരുമെന്നു് ഒരു തടസ്സവാദം ഇപ്പോൾതന്നെ ഭരണകൂടം പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. നമ്മുടെ കഴിഞ്ഞ കൊല്ലത്തെ കയറ്റുമതി, മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഉയർന്ന ലെവലിലെത്തി. കഴിഞ്ഞകൊല്ലം 835 കോടി വിലക്കുള്ള കയറ്റുമതി നാം നടത്തി, ഏറ്റവും ഉന്നത ലെവലിലെത്തിയിട്ടും അമേരിക്കയുടേതായി ഇന്ത്യയിലുള്ള പണത്തിന്റെ അളവിലേക്ക് നാം എത്തിയില്ല. തന്നെയുമല്ല വലിയ കയറ്റുമതി എന്ന നാം സ്വയം അഭിമാനിക്കുന്നുണ്ടെങ്കിലും ഇപ്പോഴും നാം വിദേശവ്യാപാരസംബന്ധമായി വലിയ പ്രതിസന്ധിഘട്ടത്തിലാണു്. നമ്മുടെ ഇറക്കുമതി കയറ്റുമതിയേക്കാൾ വളരെ കൂടിനിന്നതെന്നെയിരിപ്പാണു് എന്നതാണു് പ്രതിസന്ധിക്ക കാരണം. അങ്ങിനെയിരിക്കെ ഇന്ത്യയിലുള്ള അമേരിക്കൻ പണത്തിന്റെ ഒരു ഇരുപതിലൊരംശം പോലും ഇന്ത്യൻ പദാർത്ഥങ്ങൾ വാങ്ങി കയറ്റി അയക്കാൻ അമേരിക്ക മുതിർന്നാൽ പിന്നെ നമുക്ക് സ്വാതന്ത്ര്യമായി കയറ്റി അയക്കാവുന്നതായി എന്തു ബാക്കിയുണ്ടാകും? അന്യരാജ്യങ്ങളെ സഹായിക്കാൻ ശ്രമിക്കുന്നതുവഴി ഇന്ത്യൻ സാമ്പത്തികരംഗത്തെ തകർക്കലായിരിക്കും അന്തഃഫലം.

ഈ നിർദ്ദേശത്തിനു് ഇന്ത്യൻഗവണ്മെന്റും സമ്മതിക്കുമെന്നു തോന്നുന്നില്ല. വിദേശവ്യാപാരത്തിലെ വിരുദ്ധലിപ്പ് കടന്നുകൂടാൻ അന്താരാഷ്ട്രീയ നാണയനിധിയിൽ നിന്നു് കടംവാങ്ങിനിർത്താൻ ഒരുങ്ങിയിട്ടുള്ള നമ്മുടെ രാജ്യത്തിനു് ഈ നിർദ്ദേശം സ്വീകരിക്കാനെങ്ങിനെ സാധിക്കും? എന്തായാലും ഒരു കാര്യം വ്യക്തമായി-അതായതു് ഇന്നലെകൾ ആസന്നമായിയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനു് ഇന്ത്യ വിളിക്കപ്പെട്ടിട്ടുകമെന്നതിന്റെ സൂചന. നാണയപ്പെരുപ്പംകൊണ്ട് പൊറുതിമുട്ടി കഴിഞ്ഞുകൂടുന്ന നമുക്ക് പി. എൽ. 480 പ്രകാരമുള്ള പണവും അതിന്റെ പലിശയും കട്ടത്ത തലവേദനിയ ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നു എന്നു സാരം.

ഡൽഹിയിലെ അമേരിക്കൻ എമ്പസി കെട്ടിടംപോലുള്ള ഭൗമിക പദാർത്ഥങ്ങൾ നിർമ്മിച്ച് ഈ പണമത്രയും ചിലവഴിക്കാൻ അമേരിക്ക ഒരുങ്ങിയെങ്കിൽ അതുങ്ങിനെ തീർന്നുപോയേനെ. പക്ഷെ അതുകൊണ്ട് ഭാരതീയവികസനശ്രമങ്ങൾക്ക് അതുകൊണ്ടെന്തു മെച്ചം.

—o—

റേഡിയോ

മാർച്ച് 28 ഞായർ

തിരുവനന്തപുരം, കോഴിക്കോട്

ദൂരം
454.5, 441.2, 5112 മീറ്റർ

വൈകിട്ട്
6-30 മംഗളവാദ്യം,
6-35 അറിയിപ്പുകൾ
6-40 വാർത്തകൾ-ഇംഗ്ലീഷിൽ
6-45 ലഘുഗീതം
7-00 ഉദയഗീതം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകൾ മലയാളത്തിൽ
7-45 സംഗീതപരിപാടി
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 ബാലോകം
8-45 തിരുവാതിരപ്പാട്ടുകൾ [തിരുവനന്തപുരം മാത്രം]
9-45 സമാപനം

ഉച്ചയ്ക്കുശേഷം
12-30 പ്രാദേശികവാർത്തകൾ
12-35 കർഷകർക്കുവേണ്ടി
12-45 മലയാളം
1-30 വാർത്തകൾ മലയാളത്തിൽ
1-40 ലളിതഗാനങ്ങൾ [ഹരിപ്പാട് രാധാകൃഷ്ണൻ]
1-50 വാർത്തകൾ ഇംഗ്ലീഷിൽ
2-00 കാലാവസ്ഥ

രാത്രി
5-30 വാദ്യവൃന്ദം [ഡി. വി. രാമൻ നായർ ലക്ഷണങ്ങൾ]
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാടൻപാട്ടുകൾ
7-00 കഥകളിപദങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 തരംഗങ്ങൾ
8-00 ആകാശവാണി ഓർക്കസ്ട്രാ
8-30 കവിതാഗാനം
8-45 പ്രാദേശിക സംഗീതം
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ഡൽഹി റിലേ
9-30 നാടകവേദി
11-00 വാർത്തകൾ ഇംഗ്ലീഷിൽ
11-05 സമാപനം

....

മറിയം കനകകന്നിൽ മുകളിലെ തിരുനാൾ

ഈസ്റ്റർ കഴിഞ്ഞു 2-ാംതീയതി ആഘോഷിക്കുന്നു

(സ്വ. ലേ) മറിയം, മാ. 27

മറിയം കനകകന്നിൽ മുകളിലെ നിത്യസഹായ മാതാവിന്റെ തിരുനാൾ ഈ വർഷം ഈസ്റ്റർ കഴിഞ്ഞ് രണ്ടാം തീയതി തിങ്കളാഴ്ച ആഘോഷിച്ചുവരുന്നതാണെന്നു് ഇടവകവികാരി ബഹു. ഫാദർ ജോസഫ് മാവുങ്കൽ സി. എം. ഐ. അറിയിച്ചിരിക്കുന്നു.

ഈ തിരുനാൾ ദിവസം രാവിലെ 6 മണിക്കും 8 മണിക്കും വി. കുർബ്ബാനയും തുടർന്നു് പ്രസംഗവും ഉണ്ടായിരിക്കുന്നതാണു്. വൈകുന്നേരം 5 മണിക്ക് ആഘോഷമായ പാട്ടുകുർബ്ബാനയും തുടർന്നു് പ്രസംഗവും ഉണ്ടായിരിക്കുന്നതാണു്. ഈ ദിവസങ്ങളിൽ ഇടവകയിലെ എല്ലാ കുടുംബങ്ങളിൽനിന്നും ധാരാളം ഭക്തജനങ്ങൾ ഈ തിരുനാളിൽ പങ്കുകൊള്ളുമെന്നു പ്രതീക്ഷിക്കുന്നു. ഇടവകയിലെ മലമുകളിലെത്തിയാൽ മനോഹരമായ കാഴ്ചകൾ കാണുവാനും സാധിക്കുന്നതാണു്. ഈ തിരുനാൾ ദിവസം ഭക്തജനങ്ങൾക്കായി ഭക്ഷണശാലകളും സജ്ജമാക്കിയിട്ടുണ്ടു്. ഈ തിരുനാളിൽ പങ്കുകൊള്ളുവാൻ സമീപപ്രദേശങ്ങളിൽനിന്നും ധാരാളം തീർത്ഥാടകർ വരുന്നതാണു്. ഈ തിരുനാൾ ദിവസം ഈസ്റ്റർ കഴിഞ്ഞ് രണ്ടാം തീയതി തിങ്കളാഴ്ച ആയതുകൊണ്ടു് ഈ ദിവസം ഈസ്റ്റർ കഴിഞ്ഞ് ഒന്നാം തീയതി ഞായറാഴ്ച ആഘോഷിച്ചുവരാറുള്ള ഈസ്റ്റർ തിരുനാളും ഇടവകയിലെ ഭക്തജനങ്ങൾ ഒരുമിച്ചുകൂടുന്നതാണു്.

എല്ലാ തലങ്ങളിലും വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിച്ചു

കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിന്റെ ലക്ഷ്യങ്ങൾ അധികരിച്ചു — വിദ്യാഭ്യാസ വകുപ്പിന്റെ 1964-65-ലെ റിപ്പോർട്ട്

ന്യൂഡൽഹി, മാ. 27

കേന്ദ്രവിദ്യാഭ്യാസവകുപ്പ് 1964-65 ൽ സാധാരണഗതിയിലുള്ള പുരോഗതിയേ നേടിയിട്ടുള്ളൂ എന്നു് വിദ്യാഭ്യാസവകുപ്പിന്റെ വാർഷികറിപ്പോർട്ട് പ്രസ്താവിക്കുന്നു. സംഘടനയിലും പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ അനേകം നേട്ടങ്ങളും രൂപപ്പെടുത്തുകയുണ്ടായെന്നാ വകുപ്പിന്റെ വാർഷിക റിപ്പോർട്ട് പ്രസ്താവിക്കുന്നു.

ആറാം പദ്ധതിയുടെ അവസാനം, പരിശീലനം നേടാത്ത അദ്ധ്യാപകരുടെ എണ്ണം, ഇപ്പോഴത്തെ സ്കൂളുകളിൽ നാലുവരെയുള്ള ക്ലാസ്സുകളിൽ 60 ശതമാനം വിദ്യാർത്ഥികൾ എത്തിച്ചേരുന്നതിനുവേണ്ടി വിദ്യാഭ്യാസ വികസനത്തിനായി നിലവിലുള്ള സ്കൂളുകളിൽ

വിദ്വാൻ S. L. എം. ചുമ്മാർ

(മൂന്നാംപേജിൽനിന്നുതുടർച്ച)

ആവിർഭാവം കാലോചിതമായിട്ടുള്ള വിദ്വാൻ S. L. എം. ചുമ്മാർ അവർകളുടെ അശ്രുക്ഷത്രയിൽ രാഷ്ട്രഭാഷ തകഴിയുമുതൽ ഇന്നത്തെ പ്രശസ്ത സാഹിത്യകാരന്മാർവരെയുള്ളവരെല്ലാം വളർക്കുവഴിയൊന്നായ തങ്ങളുടെ കൃതികളിലെ ഏതാനും വരികളെങ്കിലും തപ്പിപ്പിടിച്ചെടുത്തുചേർക്കാതിരിക്കുന്ന ഒരു പ്രധാന സാഹിത്യസമ്മേളനത്തിൽ, എന്നെ ഭാഷാദിയിയും സംബന്ധിച്ചേക്കുന്നതെന്നെ ഞൻ സസന്തോഷം അഭിപ്രായപ്പെടുന്നു.

ശ്രീമതി ലളിതാംബികാ അന്തർജ്ജനം അഭിപ്രായപ്പെട്ടു. 'നിങ്ങളുടെ സ്നേഹമായ ഭാഷാഭിമാനം കേരളത്തിന്റെ സംസ്കാരപേക്ഷിതമായ ചരിത്രശാഖയിലേക്കുതിരിഞ്ഞതിൽ സാഹിത്യകുതുകികൾക്ക് അതിയായ കൃതജ്ഞതയുണ്ട്. കഥയാവട്ടെ, കാവ്യമാവട്ടെ, ആഖ്യാഭാഗമായ കാര്യമുകരണമാവട്ടെ, ചൊറിയെന്തായിലല്ലെങ്കിൽ രചിക്കയോ ദഹിക്കയോ ചെയ്യാത്ത ജീക്കുലണ്ട് കേരള കവിതാസമുദ്രയത്തിൽനിന്ന് സാരാംശവും പിഴിഞ്ഞെടുത്ത രത്നകണക്കുമിളിലെ ഉള്ളടക്കിത്തരമെന്നോർത്തപ്പോൾ എങ്ങനെ ആസ്വദിച്ചു രസിക്കാതിരിക്കും? ഭാഷ് അതിനർത്ഥം സന്ദർഭോചിതമായ അഭിനന്ദിച്ച് അനുഗ്രഹിക്കുവാനുള്ള ഭാഗ്യമുണ്ടായിരിക്കും? വലിയവലിയ സാഹിത്യപരിശ്രമങ്ങളിൽ വായിച്ചുഗ്രഹിക്കുവാൻ ജയസ്സിൻറെ എത്രഭാഗം തീഴ്ത്തണം എന്നാൽത്തന്നെ അവപൂർണ്ണമായ പ്രതഫലം നൽകുന്നതുമില്ല. എന്നാൽ ഇവിടെ ഒരു പദ്യസാഹിത്യപരിശ്രമത്തിന്റെ അന്ത പദ്യസാഹിത്യപരിശ്രമത്തിന്റെ ഏതാനും വരികൾ ഇവിടെ ഒരുമിച്ചുകാണുമ്പോൾ ഏതൊരു സഹൃദയനും ഒരു അനുഭൂതിയുണ്ടാകുന്നു. ഇതിനുവേണ്ടി ഞൻ ചുരുങ്ങിയതു നൽകിയിരുന്നു എന്നുള്ളതിൽ ഞാൻ അഭിമാനിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ അവതാരിക എഴുതിയ ശ്രീ എ. ഡി. ഹരിശർമ്മ പ്രസ്താവിക്കുകയുണ്ടായി: 'ഭാഷയുടെ ഉൽപത്തി മുതൽ ആധുനിക സ്ഥിതി വരെയുള്ള ഗദ്യത്തിന്റെ ബാഹ്യരൂപമായ പുരോഗതി ഇരുപതദ്ധ്യായങ്ങളിലായി ചുരുക്കി വിവരിക്കയാണ് ചുമ്മാർ ചെയ്തിട്ടുള്ളത്. ഒരു വിധം നോക്കിയാൽ ഇതൊരു പ്രസ്ഥാനചരിത്രമാണെന്നു പറയാം. ഭാഷയിലെ ഗദ്യരൂപമായ പ്രസ്ഥാനങ്ങളിലൊന്നായ ഇതിൽ പരമശ്രദ്ധ പതിച്ചിട്ടുള്ളത് ചമ്പുക്കളിലാണ്. ഭാരതീയ സൂക്ഷ്മദർശനത്തിന്റെ പ്രതിഫലനമായ ചമ്പുക്കളുടെ ഭാഷാചരിത്രത്തിന്റെ അവതാരകൻ ചുമ്മാർ തന്നെയാണ്. എന്നാൽ ഭാവിയിൽ വിസ്മൃതങ്ങളായിത്തീർന്നേക്കാവുന്ന കൃതികളെ പരിഗണിക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതായിരുന്നിട്ടില്ല. ചമ്പുക്കളിൽ മലയാള ഭാഷയിലെ ഗദ്യകൃതികളുടെ ആകെത്തുകയാണ്' ഇതിൽ ഉള്ളടക്കിയിട്ടുള്ളതെന്ന സാമാന്യമായി പറയാം. രണ്ടുഭാഷാസാഹിത്യത്തിലെ ഗദ്യസമ്പത്തിനെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനം എളുപ്പത്തിൽ നേടുവാൻ ഈ ഗ്രന്ഥം സഹായകമായിത്തീരുമെന്നതുതന്നെ ഗ്രന്ഥകാരന്റെ വിശ്വാസമാണ്.''

നമ്മുടെ ഭാഷയ്ക്കു ലഭിച്ചിരിക്കുന്ന രണ്ട് അമൂല്യരത്നങ്ങളാണ് പദ്യസാഹിത്യപരിശീലനവും ഗദ്യസാഹിത്യപരിശീലനവും. മഹാകവി ഉള്ളൂരിനെപ്പോലെ പദ്യസാഹിത്യപരിശീലനത്തിനും ചുമ്മാരിനെപ്പോലെ ഗദ്യസാഹിത്യപരിശീലനത്തിനും ഓരോ ജീവിതം തന്നെ വേണ്ടിവന്നു. ഈ രണ്ടു ജീവിതങ്ങളുടെയും ഫലങ്ങൾ ഒരുമിച്ചുകാണുവാൻ ഇതിനുമുമ്പ് ഒരവസരവും ഉണ്ടായിട്ടില്ല

ജനാധിപത്യത്തിനു ഒരു കനത്ത പ്രഹരം

കേളത്തിൽ പ്രസി: ഭരണം ഏർപ്പെടുത്തിയതിനെപ്പറ്റി 44 സുപ്രീംകോർട്ട് അഭിഭാഷകർ

പി.ടി.ഐ. ന്യൂഡൽഹി, മാ 26

കേരളത്തിൽ പ്രസിഡണ്ട് ഭരണം വീണ്ടും ഏർപ്പെടുത്തിയതു ജനാധിപത്യത്തിനു ഒരു കനത്ത പ്രഹരമാണെന്നു മി. എൻ. സി. ചാറ്റർജി ഉൾപ്പെടെ 44 സുപ്രീം കോടതി അഭിഭാഷകർ ചേർന്ന പാർട്ടിയുടെ പ്രസ്താവനയിൽ പറയുന്നു.

കേരളത്തിലെ ജനങ്ങൾക്കു ശിക്ഷ

കേരള അസംബ്ലി പിരിച്ചുവിടുന്നതിനു ഗവണ്മെന്റു കാണിച്ച ധൃതി ഭരണകക്ഷിയായ ജനസ്പിക്കാത്തതിനു കേരള ജനതയ്ക്കു നൽകിയ ശിക്ഷയാണെന്നപ്രതീതിയാണു് സംജാതമാക്കിയിരിക്കുന്നതു്.

തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവണ്മെന്റു് രൂപീകരിക്കുന്നതിനുള്ള കേരളീയരുടെ ജനാധിപത്യാവകാശത്തെ ഗവണ്മെന്റു് മേധാവിത്വപരമായി. ഭരണഘടനയുടെ തന്നെ ദുരുപയോഗമാണിതു്", നിഷേധിച്ചിരിക്കുന്നു.

ഗവ: ടീച്ചേഴ്സ് ഫെഡറേഷൻ സ്റ്റോറ് കമ്മിറ്റി യോഗം

തിരു, മാ. 27

കേരള ഗവണ്മെന്റ് ടീച്ചേഴ്സ് കോഡ്രേഷന്റെ സ്റ്റോറ് കമ്മിറ്റി യോഗം മാർച്ച് 28-ാംനു ഞായറാഴ്ച രാവിലെ 2മണിക്കു് ഫെഡറേഷൻ ഓഫീസിൽവച്ചു് കൂടുന്നതും പോക്കമ്മീഷന്റെ പ്രശ്നാവലി ക്ലാസ്സു് പ്രവർത്തനം മുതലായ കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിക്കുന്നതുമാണു്.

എല്ലാ വിഭാഗത്തിലുമുള്ള ഗവണ്മെന്റ് അദ്ധ്യാപകരുടേയും നിലവിലുള്ള തസ്തികകളും അവയുടെ ശമ്പളസ്കെയിലുകളും അവധിയും, പരീക്ഷായോഗ്യതകളും, പ്രമോഷൻ, മൂല്യപരീക്ഷായോഗ്യതകളുടെ ഇതര ഡിപ്പാർട്ടുമെന്റിലുള്ള തസ്തികകളും, അവയിലേക്കുള്ള യോഗ്യതയും പ്രമോഷനും, ശമ്പളപരിഷ്കാരത്തെപ്പറ്റി ഉണ്ടാക്കേണ്ടുന്ന പുതിയ തസ്തികകളും, വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കുള്ള ശമ്പളപരിഷ്കാരം മുതലായവയും സംബന്ധിച്ചുള്ള വിശദമായ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുള്ള ഫോറങ്ങൾ എല്ലാ മണ്ഡലങ്ങളിലും ഉള്ള കമ്മിറ്റികളും മാർച്ച് 28-ാംനു മുമ്പു് ഫെഡറേഷൻ ഓഫീസിൽ കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണെന്നു് ജനറൽ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

വ്യോമസേനാദിന പരേഡ് എയർമാർഷൽ സമ്മാനങ്ങൾ വിതരണം ചെയ്തു

ന്യൂഡൽഹി മാ. 27

ഏപ്രിൽ 1-ാംനു ഇവിടെയുള്ള റോസ് കോഴ്സ് ക്യാമ്പിലെ വ്യോമസേനാ സ്റ്റേഷനിൽ നടക്കുന്ന പ്രത്യേക ചടങ്ങിൽവച്ചു് വ്യോമസേനാ മേധാവി എയർമാർഷൽ അർജ്ജൻസിംഗ് വ്യോമസേനയിലെ ഉദ്യോഗസ്ഥന്മാർക്കു് വായുസേനാ മെഡലുകളും വിശിഷ്ടസേവാ മെഡലും (ക്ലാസ് III) സമ്മാനിക്കുന്നതാണു്.

വ്യോമസേനയുടെ 32-ാം പിറന്നാൾ ആഘോഷത്തിന്റെ ഒരു ഭാഗമായിട്ടാണു് ഈ പ്രത്യേക ചടങ്ങു് നടത്തുന്നതു്.

വിങ്ങ് കമാൻഡർ ബി. ഹർണാമസ്, സ്ക്വാഡ്രൺ ലീഡർ പി. എൽ. പുരോഹിത്, പരേതനായ ഫ്ളൈറ്റ് ലഫ്റ്റനന്റ് പി. ഡി. കുര, ഡബ്ലിയു. കെ. എസ്. എസ്. യാദവ് എന്നിവർക്ക് വായുസേനാ മെഡലും, വിങ്ങ് കമാൻഡർ കെ. ജെ. സ്വാമ്യ സ്ക്വാഡ്രൺ ലീഡർ ജെ. എസ്. സന്ധുവാലിയ, സ്ക്വാഡ്രൺ ലീഡർ ജെ. എസ്. ഗ്രേവാൾ, സ്ക്വാഡ്രൺ ലീഡർ കെ എസ്. ദിക്ഷ് എന്നിവർക്ക് വിശിഷ്ടസേവാ മെഡലും (ക്ലാസ് III) ലഭിക്കുന്നതാണു്.

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur

പാക്ക് വിമാനം തകർന്നു

(റോയിട്ടർ) റാവൽപിണ്ടി മാ 26

പാക്കിസ്ഥാൻ ഇന്റർ സർവ്വീസസ് പബ്ലിക് റിലേഷൻസിന്റെ ഒരു ഡക്കോട്ട വിമാനം ഇന്നു് തകർന്നുവീണു. അതിലുണ്ടായിരുന്ന 8 പേർ കൊല്ലപ്പെട്ടതായി പാക്കിസ്ഥാൻ ഔദ്യോഗിക വാർത്താ ഏജൻസിയായ പാക്കിസ്ഥാൻ പ്രസ്സ് ഇന്റർനാഷണൽ റിപ്പോർട്ടു ചെയ്തു.

പെഷവാറിൽനിന്നു് ചിത്രാലിലേക്കു പോകുകയായിരുന്ന ഈ വിമാനം. വിമാനത്തിൽ 18 യാത്രക്കാരും, നാലു് ജോലിക്കാരുമാണു് ഉണ്ടായിരുന്നതു്.

....

പാക്കേജ് പ്രോഗ്രാം കോ. ഓർഡിനേഷൻ കമ്മിറ്റി

തൃശൂർ, മാ 27

പാക്കേജ് പ്രോഗ്രാം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഒരു യോഗം ഇന്നു് കലക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽവച്ചു് കൃഷി പാക്കേജ് പദ്ധതിയുടേയും സെറികൃഷി വികസനത്തിനുള്ള തീവ്രയജ്ഞപരിപാടിയുടേയും പുരോഗതിയെപ്പറ്റി ചർച്ചചെയ്തിരിക്കുന്നു. യോഗത്തിൽ അഡീഷണൽ രജിസ്ട്രാർ ശ്രീ. കെ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ അദ്ധ്യക്ഷം വഹിച്ചു. ജലപ്പു, പാലക്കാടു്, കോഴിക്കോടു്, തൃശൂർ എന്നീ ജില്ലകളിലെ കലക്ടർമാരും, സഹകരണവകുപ്പു് രജിസ്ട്രാർ, കൃഷിവകുപ്പു് ഡയറക്ടർ, മൃഗസംരക്ഷണവകുപ്പു് ഡയറക്ടർ, പഞ്ചായത്തു് ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരും, യോഗത്തിൽ സംബന്ധിക്കുകയുണ്ടായി.

—0—

ബർമിങ്ങാമിൽ ഒരു നെഹ്റു സ്മാരകം

ലണ്ടൻ, മാ. 27

ബ്രിട്ടനിലെ രണ്ടാമത്തെ വലിയ പട്ടണമായ ബർമിങ്ങാമിലെ ഇന്ത്യൻ വിദ്യാർത്ഥി സംഘം കാലഞ്ചർമ്മം പ്രാപിച്ച ജവഹർലാൽ നെഹ്റുവിനു് ഒരു സ്മാരകം നിർമ്മിക്കാൻ ആലോചിച്ചു വരികയാണു്. നെഹ്റു സ്മാരക ഭവനിർമ്മാണ കാര്യത്തിനായി ഇപ്പോൾ പണപ്പിരിവു നടത്തിവരുന്നു. ഒന്നു് ലക്ഷത്തിനും രണ്ടു് ലക്ഷം പൗണ്ടിനും ഇടയ്ക്കു് തുക സമാഹരിക്കുവാനാണു് ഉദ്ദേശിക്കുന്നതു്. ബർമിങ്ങാമിലെ ബ്രിട്ടീഷ് കൗൺസിലായിരിക്കും സംഘത്തിനുവേണ്ടി ലക്ഷിൽ ട്രെന്നിസ് മൽസരമടിസ്ഥാനത്തിലുള്ള ഏതു് ദേശക്കാരൻ വിദ്യാർത്ഥിക്കും ഇതിൽ ചേരാവുന്നതാണു്. വാഷ്പശീതീകരണത്തിനുള്ള ഫീൽഡ് ഭർമിങ്ങാം കലാശാലയ്ക്കു് നൽകണമോ മി. നെഹ്റു ഒരു കലാലയമോ പഠിച്ചു ഫാദേശിലെ പബ്ലിക് സ്കൂളിനെ നൽകണമോ എന്നു തീരുമാനിച്ചിട്ടില്ല.

ഈ പ്രോഫികം മി. നെഹ്റുവിനും അദ്ദേഹം ലോകസമാധാനത്തിനുവേണ്ടി നടത്തിയ ശ്രമങ്ങൾക്കും ഒരു ശാശ്വത സ്മാരകമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു എന്നാണു് സംഘത്തിന്റെ അധ്യക്ഷൻ മി. ക. ട്ടോപ്പർ പ്രസ്താവിച്ചതു്. പങ്കിഞ്ഞാറൻ മിഡ്ലണ്ടിൽ താമസിക്കുന്ന ഇന്ത്യക്കാരിൽനിന്നു് സ്ഥിരകക്ഷിൽഡുകൾക്കു് പണം പിരിച്ചെടുക്കാനുള്ള എപ്പിടുകം ചെയ്യുവരുന്നതായി അയാൾ പറഞ്ഞു. ഞങ്ങൾക്കു് പ്രോത്സാഹജനകമായ പ്രതികരണാണു് ലഭിച്ചതു് എന്നു് അദ്ദേഹം കൂട്ടിച്ചേർത്തു.

വികസന കൗൺസിലിലേയ്ക്കു് നോമിനേറ്റ ചെയ്തു

എറണാകുളം മാ. 27

അങ്കമാലി പഞ്ചായത്തു പ്രസിഡണ്ടു ശ്രീ. ഗിർവാസിസ് അരീക്കൽ, ചോമേഗലം പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ. ടി ശേഷപാലകൃഷ്ണമേനോൻ എന്നിവരെ എറണാകുളം ജില്ലാ വികസനകൗൺസിൽ അംഗങ്ങളായി കളക്ടർ നോമിനേറ്റ ചെയ്തിരിക്കുന്നു.

—

ചെക്കോസ്ലോവാക്യൻ സഹായത്തോടെ രണ്ടു് പുതിയ പദ്ധതികൾ

കരാറുകളിൽ ഒപ്പുവെച്ചു

ന്യൂഡൽഹി, മാ. 27

ഇന്ത്യയും ചെക്കോസ്ലോവാക്യയും ഇന്നിവിടെ രണ്ടു കരാറുകളിൽ ഒപ്പുവച്ചിരിക്കുന്നു.

മഹാരാഷ്ട്രത്തിലുള്ള വരൾച്ചയിൽ ഉരു ക്ഷാമാശ്വാസനടപടികൾ ഉല്ലാടിപ്പിക്കുന്നതിനു് ഒരു ചൊമേഖല സംരംഭം സ്ഥാപിക്കുന്നതുസംബന്ധിച്ചാണു് ഒരു കരാർ. രണ്ടാമത്തേതു് ലേയുപ്രദേശിലെ ജലവൽപുരൽ പുതിനാശ്രയങ്ങൾ ഉല്ലാടിപ്പിക്കുന്നതിനു് ഇരുമ്പുസാധനങ്ങൾ ഉല്ലാടിപ്പിക്കുന്നതിനു് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഫാക്ടറിയെ സംബന്ധിക്കുന്നതുമാണു്.

ഈ രണ്ടു കരാറുകളിലും ഇന്ത്യാഗവൺമെന്റിനുവേണ്ടി പ്രതിരോധവകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി എസ്. സി. സരിനും വ്യവസായവകുപ്പിലെ ജോയിൻറ് സെക്രട്ടറി ജെർ. വി. രമണനും, ചെക്കോസ്ലോവാക്യൻ ഗവണ്മെന്റിനുവേണ്ടി വിശേഷ്യപ്രതിനിധി മി. കൊക്കോളൂസുമാണു് ഒപ്പുവച്ചതു്.

ഈ രണ്ടു പദ്ധതികളും ചെക്കോസ്ലോവാക്യയുടെ രണ്ടാമത്തെ വായ്പയിലാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. ഈ രണ്ടു പദ്ധതികളുടേയും വിശദവിവരങ്ങൾ നിശ്ചയിച്ചുകൊണ്ടു് ഒരു പ്രൊട്ടോക്കോളിൽ ഇന്ത്യാ ഗവൺമെന്റും ചെക്കോസ്ലോവാക്യയും തമ്മിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഈ പ്രൊട്ടോക്കോളിലെ വ്യവസ്ഥകൾ

ടെലിഫോൺ കമ്പി മോഷണം

ന്യൂഡൽഹി, മാ. 27

ഇന്നു കാലത്തു് ന്യൂഡൽഹിയുമായുള്ള ടെലിഫോൺ വാർത്താവിനിമയ ബന്ധം ഭാഗികമായി ശിഥിലമായി പോയതു് ഉപയോഗ പുന്നായി പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. മാർച്ചു് 25-നു് രാവിലെയാണു് ഈയുണ്ടു് സംഭവിച്ചതു്. ഈ ജോധ്പൂർ ടെലിഫോൺ കമ്പികൾ മോഷ്ടിക്കപ്പെട്ടതിനെ തുടർന്നാണു് ഈ തടസ്സവിനിമയബന്ധം ഭാഗികമായി ശിഥിലമായിപ്പോയതു്.

—

മാക്കറ്റ്

മാച്ചു് 27 ശനി

	തൃശൂർ	ആലപ്പുഴ	കോഴിക്കോടു്
വെളിച്ചെണ്ണ (കൊപ്രയിൽ)	335 00	335 00	338_00
" ഒന്നാംതരം	.... —	313 75	314 00
" രണ്ടാം "	—....	321 75	323_50
കൊപ്ര കേര 1 "	230_00	227 00	228_59
" രണ്ടാം "	....	238_00	208_00
പിണ്ണാക്ക് "	60_51	60_00	60_00
ഉണ്ടക്കൊപ്ര "	....	....	315-00
കുരുമുളക് (കരിമുണ്ടു്)	....	366_25	334 65
കാപ്പി "	345 00	363 00	361 00
പച്ച മുതിര "	—....	395_00	290_00
ചെറുപയർ "	—....	150_00	110_00
വൻപയർ "	90_50	....	110_00
പരിപ്പു് "	350_00	400_00	560_00
മുതിര "	125_00	121_00	340_00
അരിയുണ്ടാ "	....	110_00	310_00
അരിയുടച്ചതു് (20 കിലോ)	115-10	120_00	....
വറ്റൽ "	140_50	....	....
ഉണക്കമുളക്, [50 കിലോ]	280_50	....	....
" ഗുണ്ടു്	500_75	....	....
പുൽത്തൈലം	110_00	—....	600_00
ചന്ദനത്തടി	....	....	....
ചന്ദനപ്പൊടി	....	....	....
" (ഗ്രീൻ ഓ)	....	....	....
ചന്ദനത്തൈലം	....	....	....
ചന്ദനത്തടി (കുറ്റി)	....	....	....
" ചീള് "	....	115_00	....
" ഉരുള "	....	105_00	....
അണ്ടി കുരുവോടുകൂടി	93_00		

വിദ്യാഭ്യാസ പരിപാടികൾ ബ്രിട്ടൻ കൂടുതൽ പണം ചെലവിടുന്നു

ലണ്ടൻ മാ. 27

കോമൺവെൽത്തു് രാജ്യങ്ങളിലെയും ആശ്രിതനാടുകളിലേയും പ്രയോജനത്തിനുവേണ്ടി ബ്രിട്ടൻ നടത്തിവരുന്ന ഉന്നതവിദ്യാഭ്യാസ പരിപാടികളുടെ ചെലവ് 40 ശതമാനം കണ്ടു് വർദ്ധിപ്പിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നതായി സാമ്രാജ്യാനന്തര വികസനമന്ത്രി മിസ്സ് സ് ബർബാറാ കാസിൽ മാച്ചു് 24-ാം തീയതി ലണ്ടനിൽ പ്രസ്താവിച്ചു. ഇതിനുള്ള ഈ തുക പദ്ധതികാലത്തു് ഗവണ്മെൻറ് ചെലവിടുന്ന തുക 50,00;000 പവനായിരിക്കുന്നതാണു്.

ഗവണ്മെന്റിന്റെ വിദേശസഹായപരിപാടിയിൽ പണ്ടുശതമാനം വിദ്യാഭ്യാസത്തിനായിട്ടാണു് കോമൺവെൽത്തു് എഡ്യൂക്കേഷൻ കൗൺസിൽ യോഗത്തിൽ മിസ്സിസ് കാസിൽ രേഖപ്പെടുത്തിയതു്. വിദ്യാഭ്യാസ പരിപാടികളുടെ ചെലവു് സഹിതം തള്ളിക്കൊണ്ടു് വിധിയായിരിക്കുന്നു. ബസ്സ്സ്റ്റാന്റിൽ താമസിക്കുന്നില്ലെന്നും സമയം കാണിച്ചു് ഒപ്പിട്ടു പോവുകയുമാത്രമേ ചെയ്യുന്നുള്ളൂ എന്നതും അയുക്തമാണു് സ്റ്റേന്റ് വാടക നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നായിരുന്നു ബസ്സുടമയുടെ മറുവാദം.

—

കൈക്കുലിക്കാരനെ കയ്യോടെ പിടിച്ചു

പട്ടാമ്പി, മാ. 27

പട്ടാമ്പി പോലീസ് സ്റ്റേഷനിലെ പി. ഡി. 577 ബാലകൃഷ്ണൻനായർ പട്ടാമ്പിക്കാരനായ എ. വി. മുഹമ്മദ് എന്നയാളുടെ കയ്യിൽനിന്നു് ഒരു അരിക്കേസു് സംബന്ധിച്ചു് പട്ടാമ്പി അങ്ങാടിയിൽവച്ചു് 25രൂ. കൈക്കൂലി വാങ്ങുന്നതു് തൃശൂർ എൽസ്പ്രൈബ്യൂ ഡി. ഒവ. എസ്. പി. ശ്രീ. മുഹമ്മദും പാർട്ടിയും കൂടി കയ്യോടെ പിടിച്ചു് കേസാക്കിയിരിക്കുന്നു.

....

പാഴൂരിൽ വിത്തുസംഭരണകേന്ദ്രം തുടങ്ങുന്നു

പാഴൂർ, മാച്ചു് 27

അന്തിക്കാടു് ബ്ലോക്കിലെ ആളൂർ മുഖ്യത്തിൽ പാഴൂരിൽ ഒരു വിത്തുസംഭരണകേന്ദ്രം പണിയുന്നതിനു് തീരുമാനിച്ചിരിക്കുന്നു. ഇതിനു് 7000 രൂപാ പിലവുവരുമെന്നു് കണക്കുക്കൂട്ടപ്പെടുന്നു.

—

സന്താനനിയന്ത്രണ ചർച്ച തുടരുന്നു

(റോയിട്ടർ) തിരുവനന്തപുരം, മാ. 27

സന്താനനിയന്ത്രണം സംബന്ധിച്ച കേരളനിയമസഭയുടെ നിലപാടിൽ സാധ്യമായേക്കാവുന്ന മാറ്റങ്ങളെപ്പറ്റി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കമ്മീഷനിലെ 50 അംഗങ്ങൾക്കു് പരിശുദ്ധപിതാവു് പോപ്പ് ആറാമൻ ഇന്നു് ഒരു പ്രത്യേക സന്ദേശമയച്ചു.

കഴിഞ്ഞ ബുധനാഴ്ചമുതൽ ഇവർ രഹസ്യചർച്ചകളും നടത്തിവരികയാണു്. പൊന്തിഫിക്കൽ സ്പാനിഷ് കോളേജിലാണു് ചർച്ചകളും നടക്കുന്നതു്. അവർ ദീർഘിപ്പിക്കുമോ എന്നു് ഉറപ്പില്ലെന്നും അവിടത്തെ അന്തരീക്ഷത്തിലാണു് അവർ കഴിയുന്നതെന്നും അവർക്കു് നിർദ്ദേശം നൽകപ്പെട്ടിട്ടുണ്ടു്.

വിദഗ്ധന്മാരിൽ വൈദികരും ഡോക്ടർമാരും മനഃശാസ്ത്രജ്ഞന്മാരുമുൾപ്പെടുന്നു. ഇതുവരെ യോജിപ്പിലെത്താൻ അവർക്കു് കഴിഞ്ഞിട്ടില്ലെന്നു റിപ്പോർട്ടു് ചെയ്യപ്പെടുന്നു. വ്യത്യസ്താഭിപ്രായങ്ങൾ നിലവിലുണ്ടു്.

....

ഒറ്റപ്പാലം ഉരുക്കശാലക്കു് ബ്രിട്ടീഷ് വിദഗ്ധരുടെ കരണങ്ങൾ

ന്യൂഡൽഹി, മാ. 27

ഒറ്റപ്പാലം ഉരുക്കശാലയുടെ വികസനത്തിനു് ജി. ഇ. സി എൻജിനീയറിങ്ങ് ലിമിറ്റഡിൽ 550000 പവൻ വിലവരുന്ന എലക്ട്രിക്കൽ പ്ലാൻറും ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതാണു്. ഉപകരണങ്ങളിൽ മിക്കവയും ബ്രിട്ടനിൽനിന്നു് കപ്പലിൽ അയച്ചു കഴിഞ്ഞു.

250000 പവൻ വരുന്ന ഏറ്റവും വലിയ ഇലക്ട്രിക്കസ്'വഴിക്കാണു് ലഭിച്ചതെന്നു് ജി. ഇ. സി. യുടെ ഒരു വക്താവു് ഇന്നലെ (മാ. 24-ാംനു) പറഞ്ഞു.

1965-ൽ ഒറ്റപ്പാലം ഉരുക്കശാല പണി ചെയ്യുമ്പോഴേക്കു് ഉണ്ടാക്കിയ അതേ വ്യവസ്ഥകളാണു് ഇവ കരാറിനും ബാധകമായിട്ടുള്ളതു്.

....

സ്ഥിരം തൊഴിൽസമിതിയോഗം

ന്യൂഡൽഹി, മാ. 27

മാച്ചു് 27, 28 തീയതികളിൽ സ്ഥിരം തൊഴിൽകാര്യസമിതി ഇവിടെ യോഗം ചേരുന്നതാണു്. യോഗത്തിൽ കേന്ദ്ര തൊഴിൽകാര്യമന്ത്രി ശ്രീ ഡി. സഞ്ജീവയ്യ അദ്ധ്യക്ഷംവഹിക്കും. ഇതേ തുടർന്നു് സംസ്ഥാന തൊഴിൽകാര്യമന്ത്രിമാരുടെ ഒരു അനൗപചാരികയോഗം ചേരുന്നതാണു്.

ബോണസു് സംബന്ധിച്ചു് ഉപസമിതിയുടെ നിഗമനങ്ങൾ, കരാറടിസ്ഥാനത്തിൽ തൊഴിൽനൽകുന്നതിനെ നിയന്ത്രിക്കുന്നതിനുള്ള കരടുബിൽ സംബന്ധിച്ചു് ഉപസമിതിയുടെ റിപ്പോർട്ടു്, ഫാക്ടറി നിയമങ്ങളുടെ നിർദ്ദിഷ്ട ഭേദഗതി എന്നിവ സ്ഥിരം തൊഴിൽകാര്യസമിതി പരിശോധിക്കുന്നതാണു്. അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത യൂണിയനുകളുടെ അവകാശങ്ങളെക്കുറിച്ചും സമിതി ചർച്ചചെയ്യുന്നതാണു്.

—

കരസേനയുടെ ഏകദിന ക്രിക്കറ്റ് മത്സരം ഇന്നു നടക്കുന്നു

ന്യൂഡൽഹി, മാ. 27

ഇവിടത്തെ റോസ് കോഴ്സ് ക്യാമ്പിലെ കരസേനയുടെ ഗ്രൗണ്ടിൽവച്ചു് മാർച്ചു് 28-ാംനു രാജ്യരക്ഷാമന്ത്രിയുടെ ടീമും കരസേനാ മേധാവിയുടെ ടീമും തമ്മിൽ ഏകദിന ക്രിക്കറ്റ് മത്സരം നടക്കുന്നതാണു്.

രാജ്യരക്ഷാവകുപ്പ് ജോയിൻറ് സെക്രട്ടറി ശ്രീ. എസ്. എസ്. എൽ. കപൂർ റായിരിക്കും രാജ്യരക്ഷാമന്ത്രിയുടെ ടീമിൻറെ ക്യാപ്റ്റൻ. കരസേനാമേധാവി ലഫ്റ്റനന്റ് ജനറൽ പി പി കുമാരമംഗലമാണു്, തെയാറാകുന്നു കാലത്തു് ഒമ്പതു് മണിക്കു് രാജ്യരക്ഷാമന്ത്രി ശ്രീ ജഗജീവൻ ക്രിക്കറ്റ് കളി ഉദ്ഘാടനംചെയ്യുന്നതായിരിക്കും.

വെങ്ങിണിശ്ശേരിയിൽ മൃഗാസ്പത്രി ഉൽഘാടനംചെയ്തു

വെങ്ങിണിശ്ശേരി മാ. 27

ചേർപ്പു് വികസനബ്ലോക്കിന്റെ കീഴിൽ വെങ്ങിണിശ്ശേരിയിൽ ഒരു മൃഗാസ്പത്രി പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഇന്നലെ രാവിലെ ജില്ലാ കലക്ടറിനുവേണ്ടി അഡീഷണൽ കലക്ടർ ശ്രീ. ഇട്ടൂപ്പ് പി. ജെയിംസ് പുസ്തക മൃഗാസ്പത്രിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഇതുസംബന്ധിച്ചു ചേർന്ന പൊതുയോഗത്തിൽ പഞ്ചായത്തു പ്രസിഡണ്ടു് പി. ഡി. ജോർജ്ജ് അദ്ധ്യക്ഷം വഹിക്കുകയും ജില്ലാ ഇൻഫർമേഷൻ ഓഫീസർ ടി. എൻ. ജയദേവൻ, ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസർ ജേക്കബ്ബു് സാമുവൽ എന്നിവർ പ്രസംഗിക്കുകയുംചെയ്തു. മൃഗാസ്പത്രി കെട്ടിടനിർമ്മാണകമ്മിറ്റി പ്രസിഡണ്ടു് പി. കുമാരകൃഷ്ണൻ റിപ്പോർട്ടു് വായിച്ചു. പഞ്ചായത്തു മെമ്പർ എം. എസ്, ഗോപാലൻ സ്വാഗതവും, മൃഗസംരക്ഷണ വികസന ഓഫീസർ ഡോ: എം. എസ്സ് ജയസൂര്യൻ കൃതജ്ഞതയും പറഞ്ഞു.

ഇപ്പോൾ തല്ലാലികമായി ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആസ്പത്രിക്കുവേണ്ടി ശ്രീ എ. ബാലൻ കെ കുറിച്ചു 20 സെൻറ് സ്ഥലം സംഭാവന നൽകിയിട്ടുണ്ടു്. യോഗാനന്തരം പബ്ലിക് റിലേഷൻസ് വകുപ്പിൻറെ സിനിമാപ്രദർശനവുമുണ്ടായിരുന്നു.

.....

പഞ്ചായത്തു ഡയറക്ടറുടെ പരിശോധന

എറണാകുളം, മാ. 27

പഞ്ചായത്തു് ഡയറക്ടർ ശ്രീ. ആർ. കേശവൻനായർ ഇന്നു രാവിലെ ഇവിടെ എത്തി പഞ്ചായത്തോഫീസ് പരിശോധിച്ചിരിക്കുന്നു. നാളെ രാവിലെ അദ്ദേഹം തിരുവനന്തപുരത്തേക്കു പോകുന്നതാണു്.

—

വാഗ്ദാനലംഘനത്തിനു് നഷ്ടപരിഹാരമായി സർക്കാർ നൽകുമെന്നു സമ്മതിച്ച 2 ലക്ഷം രൂ. നൽകിയില്ലെന്നു്

ഒരു വ്യവസായി കേരളാ സർക്കാരിനെതിരെ അന്യായം ഫയൽചെയ്തു

(സ്വ ലേ.) എറണാകുളം മാ. 27

ഒരു വ്യവസായം തുടങ്ങാനുള്ള തന്റെ ശ്രമം സർക്കാരിന്റെയും മറ്റും വാഗ്ദാനലംഘനംകൊണ്ടു് പരാജയമടഞ്ഞതിനെത്തുടർന്നു തനിക്കു് അതിനുള്ള നഷ്ടപരിഹാരമായി 2 ലക്ഷം രൂ. ഗവണ്മെണ്ടു് നല്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് എൻ. ജെ. നായർ എന്നൊരാളാം സംസ്ഥാനഗവണ്മെണ്ടിനെ പ്രതിഭേത്തു് ജില്ലാ കോടതിയിൽ ഒരു അന്യായം ഫയൽ ചെയ്തിരിക്കുന്നു.

ഈ കേസ് സംബന്ധിച്ചു സംസ്ഥാന വ്യവസായ രജിസ്ട്രാർ ചന്ദ്രശേഖരൻ നായർ ഒരു ഇന്നു് വിസ്തരിക്കാൻ നിശ്ചയിച്ചിരുന്നുവെങ്കിലും അതിനു നടക്കുകയുണ്ടായില്ല.

ജപ്പാനിലെ വിറാച്ചി കമ്പനിയും സംസ്ഥാന സർക്കാരും തമ്മു്. ചേർന്നു് സഹകരണാടിസ്ഥാനത്തിൽ കേരളാമഫവിള ലകളിക്കൽസ് എന്ന പേരിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചുവെന്നും എന്നാൽ തീരുമാനമനുസരിച്ചുള്ള നടപടികളൊന്നും കൈ കഴിഞ്ഞപ്പോൾ സർക്കാരും വിറാച്ചി കമ്പനിയും വാക്കു് പാലിച്ചില്ലെന്നും നായർ തന്റെ അന്യായത്തിൽ പറഞ്ഞിട്ടുണ്ടു്. ഇതിനുശേഷം ഈ പ്രശ്നത്തിൽ ഒരു മുതൽമുടക്കുണ്ടാകിയെന്നും ആമുതൽമുടക്കുന്നതിനുവേണ്ടി തനിക്കു് 2 ലക്ഷം രൂ നഷ്ടപരിഹാരമായി തരാൻ സർക്കാർതീരുമാനിച്ചുവെന്നും അയുക്തക്കാരൻ അവകാശപ്പെട്ടിരിക്കുന്നു.

ഈ മുതൽമുടക്കിയതു് 64 മാച്ചു് 31നു് ആണെന്നും എന്നാൽ മുതലടക്കും തനിക്കു് സർക്കാരുമായുണ്ടാക്കിയ കരാറനുസരിച്ചുള്ള പണം തനിക്കു തന്നില്ലെന്നുമാണു് അന്യായക്കാരനായ വാ ദം. അതിനാൽ ആ തുകയും അതിന്റെ പലിശയും സംസ്ഥാനസർക്കാർ തരണമെന്നാണു് അദ്ദേഹം വാദിക്കുന്നതു്.

....

മസൂരി പടരുന്നു

(സ്വ ലേ) പാലക്കാടു്, മാ. 26

ഇവിടെയും, പരിയാരം, മേലൂർ, കോശ്ശേരി ഭാഗങ്ങളിലും കുട്ടികൾ വീടുകളിൽ മസൂരിബാധ ഉണ്ടായിരിക്കുന്നതായറിയുന്നു.

ഈ ഭാഗങ്ങളിലേക്കെല്ലാം വാക്സിനേറ്റർമാരെ അയക്കുകയും, അവരെയായാനം അന്വേഷിച്ചു് നടന്നാൽപ്പോലും കാണാൻ കഴിയുന്നില്ലെന്നു് ധാരാളം പരാതികളും ഉണ്ടു്. എഴുന്നള്ളിപ്പു ഫെൽഡ്സ് സൈന്റിന്റെ കീഴിൽ ഉള്ള ഈ വാക്സിനേറ്റർമാർ അതതു മാസത്തെ ശമ്പളം വാങ്ങാൻ മാത്രമാണു് അവിടെ ചെല്ലുന്നതു് എന്നും ആക്ഷേപമുണ്ടു്.

—

തൃശൂർ വാർത്തകൾ

(സ്വ. ലേ) തൃശൂർ മാച്ചു് 27

തീവണ്ടിയിൽ കട്ടഞ്ചി മരിച്ചു

കണിമംഗലം സ്വദേശിയായ സുബ്രഹ്മണ്യൻ എന്നാരാളാം എങ്ങിനെയോ തീവണ്ടിക്കടിയിൽപ്പെട്ടു് മൃതിയടഞ്ഞിരിക്കുന്നു.

ആത്മഹത്യചെയ്തു

ഏലിയാസ് (23) എന്ന പട്ടിക്കാട്ടു് സ്വദേശിയായ ഒരു യുവാവു്, എന്തോ വിഷമംകഴിച്ചു് ആത്മഹത്യചെയ്തു നിലയിൽ കാണപ്പെട്ടിരിക്കുന്നു

—

തൃശൂർജില്ലയിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

തൃശൂർ, മാ 27

ഫെബ്രുവരി അവസാനംവരെ ഈ സാമ്പത്തികവർഷത്തിൽ തൃശൂർജില്ലയിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കവേണ്ടി 5,29,587 രൂപാ ചിലവു് ചെയ്തിരിക്കുന്നു എന്നാൽ 66,324 രൂപാ കൊല്ലുദ്ദേ വൊറിനറി കോളേജ് വിദ്യാർത്ഥികളുടെ ഗോസംരക്ഷണ പദ്ധതിക്കു് 26,005 രൂപായും മൃഗുഗസ്പത്രി പരിശീലനത്തിനു് 27,295 രൂപായും വെ

തൊഴിലാളി- TRICHUR 28-3-1965 സൺഡേ സപ്ലിമെന്റ്

എന്താണ പോംവഴി

കേരളത്തിലെ പൊതുരാഷ്ട്രീയസ്ഥിതിയെക്കുറിച്ച ചിന്തിക്കുന്നവരെല്ലാം ഇപ്പോഴുയരുന്ന ചോദ്യത്തിന്റെ മുമ്പിലാണ പകച്ചുനില്ക്കുന്നത് — എന്താണ പോംവഴി?

ഇന്ത്യയിലെ മറ്റു സ്റ്റേറ്റുകളിലും മറ്റു രാഷ്ട്രങ്ങളിലും കഴിഞ്ഞുകൂടുന്ന ജനങ്ങളും ഇതു മാത്രം ഇതികർത്തവ്യതാമൂഢരായി വലയുന്നുണ്ടോ എന്നു ഞങ്ങൾക്കു നിശ്ചയമില്ല. എങ്കിലും ചില കാലഘട്ടങ്ങളിൽ ചില സമുദായങ്ങളും ഇങ്ങനെയൊരു വിഷമസന്ധിയെ നേരിടേണ്ടിവന്നുവെന്നു ചരിത്രം വെളിവാക്കുന്നുണ്ട്. ഇസ്രായേൽ ജനത ഈജിപ്തുകാരുടെ വലഞ്ഞപ്പോഴും ഒരു 'മിശിഹാ'യുടെ തിരുവവതാരത്തിനു വേണ്ടി അവർ കാത്തുഴറുന്നുവെന്നുണ്ടല്ലോ ചരിത്രം. ശ്രീയേശുമിശിഹാ ഒടുവിൽ അവതരിച്ചപ്പോഴും, ദേവാലയത്തിൽ കയറിക്കൂടിയ ദുഷ്ടന്മാരെയും ദ്രോഹികളെയും ദിവ്യമായ തന്റെ ആജ്ഞാശക്തിയാൽ വെളിയ്ക്കു തള്ളുകയും ചെയ്തു.

നേതാവ്

ഡമോക്രസിയിൽ ദേവൻ പെരുവനം ദേവാലയം ഭരണകേന്ദ്രമാണ്. ഇവിടത്തെ ദേവാലയത്തിൽ ദൈവദോഷം വരുത്തിയ ആളിനും താവളമുറപ്പിച്ചിരിക്കുന്നു. അവരെ ഓടിക്കുകയാണ ശരിയായ പോംവഴി. പക്ഷെ ആർ ഓടിക്കും? ദിവ്യമായ ആജ്ഞാശക്തിയുള്ള ഒരു തിരുവവതാരത്തിനു ജനായത്തവ്യവസ്ഥിതിയിൽ അസ്തിത്വമുണ്ടോ എന്നു സംശയിക്കണം. ആകയാൽ മിശിഹായ്ക്കുവേണ്ടി ആളുകളം ഒരുത നേതൃരായിക്കഴിഞ്ഞുകൂടുന്നതു മൌഢ്യമായേയ്ക്കും. ജനായത്തരീതിയിൽ അവതരിക്കാവുന്ന ഏറ്റവും വലിയ മിശിഹായ്ക്കു കൊടുക്കാവുന്ന ചെറു നേതാവ് എന്നു മാത്രമാണ്. കേരളത്തിലെ രാഷ്ട്രീയമാലിന്യം തിരിച്ചറിഞ്ഞ് ഇവിടെ രാഷ്ട്രീയശുദ്ധി നിലനിർത്താൻ പോന്നൊരു നേതാവ് ഇന്നു നിഭാഗ്യവശാൽ ഇവിടെയില്ല. എന്നെങ്കിലും ഉണ്ടായിത്തീരുമോ? ഇനി അട്ടത്തെങ്കിലുമൊരാൾ ഉണ്ടാകുമോ? ആശാകരങ്ങളായ സമാധാനങ്ങളും ഈ ചോദ്യങ്ങൾക്കു നല്കുവാൻ പ്രയാസം. സമീപഭൂതവും ആസന്നഭാവിയും നിരാശാജനകമായിരിക്കുന്ന ഒരു നാട്ടു പരമദയനീയമാണ്. കാരണം, അതിന്റെ വർത്തമാനകാലം അരക്ഷിതമാണ്.

പരാജയം

ഒരു മഹാനായ നേതാവ് ഇല്ലാതെ വരുന്നതു് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പരാജയകാരണങ്ങളിൽ ഒന്നാണ്. എവിടെവിടെ ജനാധിപത്യം ജ്വലിച്ചുകൊണ്ടു നിന്നിട്ടുണ്ടോ അവിടവിടെ നേതൃമഹത്വം ഒരു ഘടകമായിരുന്നെന്നു കാണാം. പെരിക്ലസ്തൊട്ട് ലിങ്കനെപ്പോലുള്ള കുറെ മഹാപുരുഷന്മാരുടെ കണ്ണഞ്ചിപ്പിക്കുന്ന ചരിത്രത്തിലൂടെ ജനാധിപത്യം ശക്തമാകാൻ നെഹ്റുവിന്റെ സ്വാധീനത വളരെയേറെ പ്രേരകമായിരുന്നിട്ടുണ്ട്. ആരംഭം മുതലേ കേരളരാഷ്ട്രീയവേദിയിൽ നേതൃശൂന്യമായിരുന്നു. ശൂന്യമായിരുന്നില്ലെങ്കിൽ, അല്പമനുഷ്യരാൽ വ്യാപ്തമായിരുന്നു. ഫലം ശൂന്യത തന്നെ! ചെറിയ മനുഷ്യനിൽനിന്നു വലിയ നേതാവുണ്ടാവില്ലല്ലോ. ചെറുമനുഷ്യർ വലിയ സ്ഥാനങ്ങളിലെത്തിയെന്നതാണ് നമ്മുടെ രാഷ്ട്രീയരംഗത്തിലെ ദുരന്തം. ചെറുമനുഷ്യർ വൻപദവികളിൽ എത്തിയാൽ രാഷ്ട്രം തന്നെ മുടിഞ്ഞുപോകുമെന്ന്, ഇംഗ്ലണ്ടിൽ ഒരു കാലത്തു ജനാധിപത്യത്തിന്റെ 'കാരണവർ' എന്നറിയപ്പെട്ടിരുന്ന എഡ്മണ്ട് ബർക്ക് ഗർജ്ജിക്കുകയുണ്ടായി. മനുഷ്യൻ എന്ന നിലയ്ക്കു ആദർശനിഷ്ഠയും വിശാലവീക്ഷണവും സ്ഥിരോദ്യമവും ബുദ്ധിവൈശദ്യവും ഉള്ള ഒരാൾ നേതൃമണ്ഡലത്തിൽ വേണമെന്നുള്ളതിനെ ഒരാൾ മാത്രമേ സമ്മതിക്കും. ചിലർ പറയുമായിരിക്കാം, ഒരാളെ ഒരാൾ ഭയങ്കരനെന്നപോലും എതിരാണ് ഇവിടത്തെ സാഹചര്യമെന്ന്. എന്തായാലും വസ്തുത വ്യക്തവും അനിഷേധ്യവുമാണ്.

ചെറുമനുഷ്യർ

ചെറുമനുഷ്യർ വലിയ നേതാക്കളെപ്പോലെ അഭിനയിക്കുകയും യഥാർത്ഥത്തിൽ ചെറിയ മനുഷ്യരായി സദാ പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ കുഴപ്പങ്ങളാണ് കേരളത്തിൽ നാം മിക്കവാറും കണ്ടുകൊണ്ടിരുന്നതു്. വിമോചനസമരഘട്ടത്തിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്കെതിരായി നടുനയമായി ഉന്നയിക്കപ്പെട്ട എതു ദോഷങ്ങളും അതിനശേഷം വന്ന ഗവണ്മെണ്ടു് സ്വയം പ്രകടിപ്പിച്ചിച്ചില്ലേ? ആദർശപ്രഭുവും പ്രധാനം ആദർശപരിപാലനത്തിനല്ലാതെയെന്ന. അവനവന്റെ സങ്കുചിതലക്ഷ്യങ്ങളെ നേടാനുള്ള ഉപായം മാത്രമായി, ആദർശങ്ങളെ. ജനാധിപത്യത്തിന്റെ മൂല്യങ്ങളെ ധ്വംസിക്കുമാറ് മന്ത്രിമാർ തന്നെ പ്രവർത്തിക്കുകയും ഒരു നിവൃത്തിയുമില്ലെന്ന ഘട്ടത്തിൽ മാത്രം മന്ത്രിപദവി ഒഴിയുകയും ചെയ്യുക മുതലായ സംഗതികളും ഇവിടെ നടന്നതു്, ആദർശം സ്വഭാവത്തിന്റെ മൌലികാംശമായിട്ടുള്ള നേതാക്കളുടെ അഭാവത്തെ വിളിച്ചുപറയുന്നു.

നേതാവും അനുയായിയും

അപ്പോൾ, നമ്മുടെ നേതാക്കളെ നല്ലവരാക്കുകയാണോ പോംവഴി? അല്ലേയല്ല. ഇപ്പോഴത്തെ നേതാക്കളുടെ അതുന്നതഹീനങ്ങളായ പക്ഷപാതങ്ങളും താല്പര്യങ്ങളും എല്ലാം അവസാനിപ്പിച്ച് അവർ സ്വയം ഉടനടി വലിയവരായിത്തീരും എന്നു് ആരും വ്യാമോഹിക്കേണ്ട. സ്വഭാവശുദ്ധിയെന്നതു് ആകസ്മികമായുണ്ടാവുന്ന ഒരു ദൈവിത്തുമല്ല; നിരന്തരമായ ആത്മശോധനത്തിന്റെ ഫലമാണ്. അതിനാൽ നേതാക്കൾപ്പറ്റുത്തു് അനുയായി വൃന്ദത്തിൽനിന്നു രക്ഷകിട്ടുമോ എന്നു നമുക്കു ചിന്തിക്കാം. ജനാധിപത്യത്തിലുള്ള ഒരു വൈചിത്ര്യം, നേതാവും അനുയായിയും തമ്മിലുള്ള വ്യത്യാസം ഏറ്റവും നിസ്സാരമാണെന്നുള്ളതാണ്. മറവിധത്തിൽ പറഞ്ഞാൽ, നേതാവും അനുയായിയും പരസ്പരം മാറാവുന്ന സംഖ്യകൾ മാത്രമാണ്. അപ്പോൾ ഇന്നത്തെ നേതാക്കളുടെ ലാഘവം പൊന്നേഷേന്നുള്ളു, അന്നയായികളായ സാധാരണ മനുഷ്യർ തന്നെ പൊതുവിൽ കനംകുറഞ്ഞവരാണ് എന്ന നിഗമനത്തിലത്രെ. വെറും രാഷ്ട്രീയക്കാരോ രാഷ്ട്രീയകക്ഷികളോ മാത്രമോ അല്ല ഈ അനുയായി വൃന്ദം എന്നു പറയുന്ന ഘടകം. എല്ലാവരെയും അതുൾക്കൊള്ളുന്നു. ഒരു കക്ഷി മാറി മറ്റൊരു കക്ഷി വന്നതുകൊണ്ട് ഇവിടെ രാഷ്ട്രീയസുസ്ഥിതി ഉണ്ടാവുന്നില്ല, അതുകക്ഷിക്കാരെയാകെ മറ്റൊരുവർഗ്ഗം വുക്തമാണ്. രാഷ്ട്രീയക്കാർ മുഴുവൻ മാറി മറ്റൊരു വിഭാഗം—ഉദാഹരണത്തിനു്, എഴുത്തുകാരോ വക്കീലന്മാരോ—രാഷ്ട്രീയാധികാരം ഏറെറടുത്താലും ഫലമില്ല. ഒരു പക്ഷേ സ്ഥിതി കൂടുതൽ വഷളായേയ്ക്കും. (ഇവിടത്തെ എഴുത്തുകാരെപ്പറ്റി കൂടുതൽ അറിവുള്ളതിനാൽ ഇതുപറഞ്ഞുപോയതു ക്ഷമിച്ചേയ്ക്കുക).

നല്ല മനുഷ്യർ

മാറേണ്ടതു കക്ഷികളോ വിഭാഗങ്ങളോ അല്ല, മനുഷ്യനാണ്. ഇപ്പറഞ്ഞതു മതമോ തത്വശാസ്ത്രമോ അല്ല, ശുദ്ധ രാഷ്ട്രീയമാണ്. 'ഓരോ മനുഷ്യനും അതറിഞ്ഞോ ഗവണ്മെണ്ടിനെ കിട്ടുന്നു' എന്നു ജോസഫ് ലെയിസ് പ്രഖ്യാപിച്ചതിന്റെ അർത്ഥം ഇതത്രേ. നല്ല മനുഷ്യർക്കു് നല്ല ഭരണം; അല്ലാത്തവർക്കു് അല്ലാത്തവണ്ണവും. ഇവിടത്തെ സാമാന്യമനുഷ്യന്റെ സാമാന്യതത്വശാസ്ത്രം 'സ്വന്തകാര്യം, എല്ലാം കൂടിഞ്ഞ മാറ്റത്തിലൂടെയെയെങ്കിലും നേട്ടം, വിജയിക്കുക' എന്നതായിരി

(ശേഷം 4-ംപേജിൽ)

"മരണം ആശ്ചര്യവും മധുരവുമായ ഒരു വിസ്മൃതിയാണ് — അതു് ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുള്ള ഒരു കവാടമാണ്"

സോക്രട്ടീസിന്റെ കഥ

"സോക്രട്ടീസ് കാറാവാളിയാണെന്നു് ജനം വിധിയെഴുതി".

പി. എസ്. വാരിയർ
എം. എ. ബി. ടി.

പ്ലേറോ ഒരു ഭാഗ്യവാനായിരുന്നു. ഗോയ്ഥെയെപ്പോലെ കലീനമായ കുടുംബത്തിൽ ജനിച്ചു്, ധനവാന്മാരായ മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ വളർന്നു്, സൗന്ദര്യത്തിന്റെ നിറകുടമായി വിളങ്ങി; ആരോഗ്യമുള്ള ഒരു മനസ്സു്, ആരോഗ്യമുള്ള ശരീരത്തിൽ. തന്റെ ഇരുപതാമത്തെ വയസ്സിൽ പ്ലേറോ സോക്രട്ടീസിന്റെ സ്വാധീനവലയത്തിലായി. സോക്രട്ടീസു് പ്ലാറോയിലൂടെ ഇന്നു് ജീവിക്കുന്നു.

ഏതൻസിലെ ഒരു കവിയായ അഗാതോണിന്റെ ഗൃഹത്തിൽ കൊങ്കുമാമയൊരു വിരുന്നു നടക്കുകയാണു്. ഒരു നാടകത്തിനു് കന്നാം സമ്മാനം നേടിയ തന്റെ വിജയം ആഘോഷിക്കുകയാണു്. അദ്ദേഹം ഊറാ ചങ്ങാതികളെയെല്ലാം ക്ഷണിച്ചിട്ടുണ്ടു്. അതിഥികളുടെ ചർച്ചാവിഷയമോ? പ്രേമം! ഓരോരുത്തരും തനിക്കു തോന്നുംപടി അതിനെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നു.

വിചിത്രമായ അഭിപ്രായങ്ങൾ

ഒടുവിൽ വിശിഷ്ടാതിഥിയായ സോക്രട്ടീസ്, കണ്ണിക്കെട്ടപ്പെട്ട ഇര വാഗ്ദേവതിനികേശം തുടയാനുള്ള കല്ലായിത്തീർന്നെന്നു തന്റെ ഈ ജല്പനങ്ങൾ എങ്ങനെ ഈ പ്രതിഭാശാലികളുടെ അഭിപ്രായങ്ങളായി പൊലിഞ്ഞുപോകുമെന്നും അഭ്യർത്ഥിച്ചു.

അങ്ങനെ സോക്രട്ടീസിന്റെ മാത്രം പ്രത്യേകതയായ ഈ ഫാസ്യുന്മത്തമായ ചിന്തയുടെ പ്രകടനത്തിനുശേഷം, അദ്ദേഹം ശ്രോതാക്കളുടെ ബുദ്ധിശക്തിയെ തന്റെ 'ജല്പല്പം'കൊണ്ടു അഭിഭൂതമാക്കുന്ന അവസരങ്ങളിലും പോരുമുള്ളതിന്റെ ഒരു പരമ്പരയ്ക്കുമുമ്പിൽ തകർന്നുപോകുന്നു. ഈ സംഘർഷത്തിന്റെ ഭൂതനാണു് സുഷ്ടുനുഭവമായ ചില സിദ്ധാന്തങ്ങളോടെയാണു്.

പ്രേമം ആത്മാവിന്റെ വിശപ്പ്

പ്രേമം, സോക്രട്ടീസിന്റെ അഭിപ്രായത്തിൽ, ദിവ്യസൌന്ദര്യത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിന്റെ വിശപ്പാണു്. മുകൾ സൌന്ദര്യവും ദർശിക്കുവാൻ മാത്രമല്ല, അതിനെ സൃഷ്ടിക്കുവാനും ശാശ്വതീകരിക്കുവാനും, അമരതത്തിന്റെ വിത്തു നശ്വരമായ ദേഹത്തിൽ പാകുവാനും ഉൽസുകനാണു്. അല്ലെങ്കിലെന്തു സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമിക്കുന്നതും തങ്ങളുടെതന്നെ ഉല്പാദിപ്പിക്കുന്നതും അങ്ങനെ കാലത്തെത്തന്നെ അനാപത്തയെയും ജീവിപ്പിക്കുന്നതും!

അങ്ങനെ ആ വചോവിലാസം നിറുത്തിച്ചു: സത്യംതന്നെയാണു് സൌന്ദര്യം, സൌന്ദര്യം ദൈവത്തിലേക്കുള്ള തേർവഴിയാണു് എന്നല്ലാമുള്ള നിഗമനങ്ങളിലേക്കു് ആ സത്യാന്വേഷകൻ ശ്രോതാക്കളെ നയിക്കുന്നു.

ന്യായാധിപന്മാരായ ആ തത്വജ്ഞാനിയുടെ വാഗ്മിത്വത്തെ അതിഥികളും അനുമോദിക്കുന്നു...പിന്നീടു പാന്ഥന്മാരായി രാവിലെ മധ്യയാമങ്ങളിൽ യാത്രപറയുന്നതുപോലെ പിരിയുമ്പോൾ മൂന്നുപേർ മാത്രം ശേഷിക്കുന്നു. അരിസ്റ്റോഫനീസു്. അഗാതോൺ, സോക്രട്ടീസു്!...പാവപ്പെട്ടവനും നഷ്ടക്കാരനും. അരിസ്റ്റോഫനീസിനെ മിഴികളും അടഞ്ഞുപോകുന്നു...പ്രഭാതമായപ്പോൾ അഗാതോണിൻപോലും! അവരെ സുഷുപ്തിയെ വിട്ടുണർത്തുവാൻ അവസാനമായി ഒരു കപ്പുകൂടി കുടിച്ചു് അദ്ദേഹം ആതൻസിലെ പേരെടുത്തുകിടന്ന ഈ മൂന്നു ബുദ്ധിരാക്ഷസന്മാരുടെ ഇടയിൽ വിശിഷ്ടാതിഥിയായ സോക്രട്ടീസ് മാത്രം ഉണർന്നിരിക്കുന്നു. ഇവരുടെ ഇടയിൽ വിജ്ഞാനവിതരണത്തിനായി മറ്റെല്ലാ നഗരങ്ങളിലും പോയി.

തിരിയിൽനിന്നൊരു ചന്തം!

പ്ലേറോ ഒരു ഭാഗ്യവാനായിരുന്നു. ഗോയ്ഥേയെപ്പോലെ കലീനത, ധനവന്മാരായ മാതാപിതാക്കന്മാർ, രൂപയ്യും, കായികാഭ്യാസം സിദ്ധിച്ച ദേഹത്തിൽ ആരോഗ്യമുള്ള ഒരു മനസ്സു്, വിജ്ഞാനതൃഷ്ണ! തന്റെ ഇരുപതാമത്തെ വയസ്സിലാണു് പ്ലേറോ സോക്രട്ടീസിന്റെ സ്വാധീനവലയത്തിൽപ്പെട്ടതു്.

പ്ലാറോ സോക്രട്ടീസിനെ ആദ്യംതന്നെ ആരാധിച്ചിരുന്നു. പുറമെയുള്ള കോരായ്മകൾക്കുമപ്പുറം ഉള്ളിന്റെ ഉൾസൌന്ദര്യവും സോക്രട്ടീസിന്റെ പ്രത്യേകതയായിരുന്ന ഒരുസാമാന്യബുദ്ധിശക്തി പ്രകടിപ്പിക്കുവാൻ ശ്രമിക്കാതെ അദ്ദേഹം വിനീതനായി ഒരു മനുഷ്യനെപ്പോലെ പോരും ചോദിച്ചു: 'കാരാറാക്കുടുംബത്തിൽ ഞാനിക്കായാവു്—അതായതു് എനിക്കെന്നമ്മായി ഒല്ലെന്നുള്ളതു്. ഇതിൽനിന്നു തുടങ്ങി തന്റെ ശ്രോതാക്കളെ അജ്ഞരാക്കുന്നു" എന്നാൽ അമ്മ ഒരു സൂതികർമ്മിണി [Midwife] യായിരുന്നു. ഞാനവരെ അനുപദം പിൻതുടരുന്നുവെന്നേയുള്ളു. മാതൃഭാഷയ്ക്കു് സ്വന്തമായ ആശയങ്ങളും ജനിക്കുവാൻ ഞാൻ പരിചയ്ക്കുകൊ ചെയ്യുന്നു" ഇവ തിരിയിൽനിന്നാണു് പ്ലാറോവന്നപന്തം കത്തിയെരിയുന്നതു് [ഉദ്ദേശിക്കുന്നതു്].

അങ്ങനെ ഏതൻസിലെ തെരുവുകളിൽകൂടി ചിരപരിചിതമായ ചെരിവിയിൽ, പരിചിതമായ സന്ദേഹങ്ങളോടെ, പരന്ന മുക്കു തടിച്ച പുരുഷനുമായി കണ്ണുമായി ദൈവജ്ഞയുടെ ഉടലെടുത്തപോലെ ഒരു പുണ്യവാളായ സോക്രട്ടീസു് സഞ്ചരിച്ചു. എല്ലായിടത്തും അദ്ദേഹം തന്റെ പ്രാഥമികമായ ചോദ്യങ്ങൾ തന്നോടുതന്നെ ചോദിച്ചു: "ഭക്തിതൻ അർത്ഥമെന്തു? ഭക്തിയെന്നാൽ എന്തു? എന്താണു് പ്രായശ്ചിത്തമെന്നു? നന്മയെന്നാൽ എന്തു്? ..."

വ്യത്യസ്തരുമായിരുന്നിരുന്ന പലർക്കും തങ്ങളുടെ അജ്ഞത സമ്മതിക്കേണ്ടിവന്ന ഒരു ഉദ്യോഗഭരിതാവസ്ഥയെല്ല തന്നിലുണ്ടാക്കുന്നതു്. തന്റെ സ്വന്തം അജ്ഞതയെ ഖേദിവാക്കാൻ അദ്ദേഹം ഉത്സുകനായിരുന്നു. തൊഴുകൈകളിൽനിന്നും സത്യത്തെ സമുദ്ധരിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതെയാരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി പലപ്പോഴും സ്വന്തം താൽപര്യങ്ങളെയും സ്വന്തം മതഭീരുതയിരുന്ന ശീലുവേലയേയും കടുംബത്തെയും അദ്ദേഹത്തിനുപേക്ഷിക്കേണ്ടിവന്നു. മധ്യവയസ്കനെപ്പോലെ ഇതു അല്പസ്വല്പം എഴുതിവെച്ചിരിക്കുന്നതായിക്കണ്ടു:— 'സോക്രട്ടീസു് ഒരു കാറാവാളിയാണു്—ഒന്നാമതായി ദൈവത്തെ ആരാധിക്കുന്ന ദേവന്മാരെ അയാം ആരാധ്യസ്വത്തിനു്; കൂടാതെ സ്വന്തം ഭാര്യയെ തങ്ങളെ കൊണ്ടുവരാൻ ശ്രമിച്ചതിനും. അടുത്തതു് യുവാക്കളെ വഴിപിഴപ്പിക്കുന്നതിനും. ഇവയ്ക്കുള്ള ശിക്ഷ മരണമാണു്.'

തോല്പം പാണ്ഡിത്യവും

ഈ കാറാപകൃത്തിലെ പ്രധാന വാദി അനിറ്റോസു് എന്ന ഒരു തോൽവ്യാപാരിയായിരുന്നു. ഇയാൾക്കു് വൃക്തിപരമായിത്തന്നെ സോക്രട്ടീസിനോടു് കാരുണ്യമായിരുന്നു. അതിനുള്ള കാരണംതന്നെ യാളുടെ മകനോടു് സോക്രട്ടീസു് തോൽപ്പണി നിരത്തി തത്വജ്ഞാനം പഠിക്കാൻ ഉപദേശിച്ചതാണു്. അങ്ങനെ ചെരുപ്പുക്കാരെ വഴിപിഴപ്പിക്കുന്നവർക്ക് മരണത്തിൽക്കുറഞ്ഞൊന്നും ശിക്ഷയായിത്തോന്നിയില്ല അനിറ്റോസിനു്. അതുപാണ്ഡിത്യത്തിന്നെതിരെയുള്ള തോലിൻതോതായ ഒരു കേസ്സുായിരുന്നു. സോക്രട്ടീസിനെ ഖണ്ഡനാന്ധനാക്കി വിചാരണ ചെയ്യുവാൻതന്നെ തീരുമാനിച്ചു

സ്വാതന്ത്രമായിത്തുടന്ന വധശിക്ഷയിൽനിന്നും രക്ഷപ്പെടുവാൻ സോക്രട്ടീസിനു മറ്റുമുന്നായിരുന്ന കാരണം ഏതൻസിലെ അധികാരത്തിന്റെ ധാർഷ്ട്യമായിരുന്നു; അദ്ദേഹം പോകുൻ തയ്യാറായിരുന്ന ജീവിതകാലം മുഴുവൻ അദ്ദേഹം എന്നാപത്തിനേയും തൃണവൽ ഗണിച്ചിരുന്നു, പക്ഷേ തുടർന്നു കുടിച്ചു ധീരതക്ക് ചെറുപ്പത്തിൽ സമ്മാനം പോലും കിട്ടിയിട്ടുണ്ടു്. അദ്ദേഹം മധ്യവയസിലും പിന്നീടും അനിതീക്ഷേതി ഒരു പടപ്പാരതിക്കൊണ്ടുനിന്നു.

മരണത്തോടുള്ള വെല്ലുവിളി

തന്റെ സമയം വന്നപ്പോൾ അദ്ദേഹം മരിക്കാൻതന്നെ തയ്യാറായി. അധികാരിച്ച വാദിപ്രതിയായി നിസ്സഹായനായി കീഴടങ്ങുന്നതിനേക്കാൾ ശക്തിശാലിക്കാത്ത കാലത്തുതന്നെ മരിക്കുന്നതാണ് ഭേദമെന്നദ്ദേഹത്തിനുതോന്നി. തന്റെ കായികമായ സഹനശക്തിയെക്കുറിച്ചു അദ്ദേഹത്തിനും അതിയായ അഭിമാനമുണ്ടായിരുന്നു. ശീതകാലത്തെ അതൃപ്തമായ തണുപ്പിൽ മഞ്ഞുകട്ടകളിൽക്കൂടി ആതൻസിലെ തെരുവിലൂടെ നഗ്നപാദനായി നടക്കാൻ അദ്ദേഹത്തിന്നമാത്രമേ കഴിഞ്ഞിരുന്നുള്ളൂ. പ്രവർത്തനനിപുണനായ ഒരു ജീവിതത്തെപ്പറ്റി അദ്ദേഹത്തിന്നു് ചിന്തിക്കാൻതന്നെ കഴിഞ്ഞില്ല. 'നാം ജീവിതത്തെ അമിതമായി കീഴടക്കുന്നതുപോലെത്തന്നെ മരണത്തേയും ധീരമായിതോരിണം....എന്റെ ന്യായാധിപന്മാരേ, മരണത്തിൽനിന്നും രക്ഷപ്പെടുമെല്ലു, മരിച്ചു കഠാതിൽനിന്നും രക്ഷപ്പെടാമാണ് വിഷമം. കാരണം കഠാം മരണത്തേക്കാളും ശ്ലഘനീയമാണ്.'

ജീവിതത്തിലെ ആ അവസാനദിനത്തിൽ വളരെ ശിഷ്യന്മാർ അദ്ദേഹത്തെ ജയിലിൽവെച്ചുന്ന കണ്ടു. മറെ പലതിനോടൊപ്പം, പ്ലാറോ തന്റെ ഐതിഹാസികതയിയായ 'മഹായിഡോ'വിൽ ഈ രംഗത്തേയും വിവരിക്കുന്നുണ്ടു്. അവർ അദ്ദേഹത്തെ പുറാട്ടിച്ചിനിൽക്കുകയാണു്; അവരിൽ ഒരാളുവിളിച്ചു 'സോക്രട്ടീസു്, അയാളുടെ ദുരിയെയുക്കിക്കൊണ്ടാണു് ജീവിതം, മരണം, ആത്മാവിന്റെ അമരതയെ എന്നിവയെപ്പറ്റിയാണു് സംസാരിക്കുകയാണു്. മരണം അനശ്വരവും മധുരവുമായ ഒരു വിസ്മൃതിയെയുമാണു് അവിടെ ഉദ്ധരിക്കുന്നില്ല, നീതിന്യായമില്ല, നിരാശയില്ല, ക്ലേശങ്ങളില്ല, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുള്ള ഒരു കവാടമാണു്. ദൈവത്തിന്റെ അടുത്തേക്കുള്ള ഒരു മാർഗ്ഗം!' അവിടെ എന്റെ സുഹൃത്തുക്കളെ, നിന്നെയും തന്റെ അഭിപ്രായപ്രകടനത്തിന്റെപേരിൽ വധിക്കുന്നില്ല....അതുകൊണ്ടു നിങ്ങൾ ദുഃഖിക്കരുതു്'....

നേരം അസ്തമനത്തോടടുക്കുന്നു. ജയിലർ ഒരു കപ്പു വിഷവുമായി പ്രവേശിക്കുന്നു. 'ശ്രോക്രട്ടീസു്, എന്നോടു വിരോധം തോന്നരുതു്. മാറുള്ളവരാണ് അങ്ങയുടെ മരണത്തിനു് കാരണക്കാർ', എന്നുപറഞ്ഞ് അയാൾ തന്റെ കയ്യിലെ വിഷം സോക്രട്ടീസിനു കൊടുക്കുന്നു, പൊട്ടിക്കരയുന്നു.

'അവിടേയിനിയുന്ന ഞങ്ങൾക്കും ഈ സ്ഥിതി ഉടനുണ്ടാകുമായി. എങ്കിലുമെന്നായിരുന്നു? ശീതകാലത്തെ അതൃപ്തമായ തണുപ്പിൽ മഞ്ഞുകട്ടകളിൽക്കൂടി ആതൻസിലെ തെരുവിലൂടെ നഗ്നപാദനായി നടക്കാൻ അദ്ദേഹത്തിനുമാത്രമേ കഴിഞ്ഞിരുന്നുള്ളൂ. പ്രവർത്തനനിപുണനായ ഒരു ജീവിതത്തെപ്പറ്റി അദ്ദേഹത്തിനു് ചിന്തിക്കാൻതന്നെ കഴിഞ്ഞില്ല. 'നാം ജീവിതത്തെ അമിതമായി കീഴടക്കുന്നതുപോലെത്തന്നെ മരണത്തേയും ധീരമായിതോരിണം....എന്റെ ന്യായാധിപന്മാരേ, മരണത്തിൽനിന്നും രക്ഷപ്പെടുമെല്ലു, മരിച്ചു കഠാതിൽനിന്നും രക്ഷപ്പെടാമാണ് വിഷമം. കാരണം കഠാം മരണത്തേക്കാളും ശ്ലഘനീയമാണ്.'

ജീവിതത്തിലെ ആ അവസാനദിനത്തിൽ വളരെ ശിഷ്യന്മാർ അദ്ദേഹത്തെ ജയിലിൽവെച്ചുന്ന കണ്ടു. മറെ പലതിനോടൊപ്പം, പ്ലാറോ തന്റെ ഐതിഹാസികതയിയായ 'മഹായിഡോ'വിൽ ഈ രംഗത്തേയും വിവരിക്കുന്നുണ്ടു്. അവർ അദ്ദേഹത്തെ പുറാട്ടിച്ചിനിൽക്കുകയാണു്; അവരിൽ ഒരാളുവിളിച്ചു 'സോക്രട്ടീസു്, അയാളുടെ ദുരിയെയുക്കിക്കൊണ്ടാണു് ജീവിതം, മരണം, ആത്മാവിന്റെ അമരതയെ എന്നിവയെപ്പറ്റിയാണു് സംസാരിക്കുകയാണു്. മരണം അനശ്വരവും മധുരവുമായ ഒരു വിസ്മൃതിയെയുമാണു് അവിടെ ഉദ്ധരിക്കുന്നില്ല, നീതിന്യായമില്ല, നിരാശയില്ല, ക്ലേശങ്ങളില്ല, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുള്ള ഒരു കവാടമാണു്. ദൈവത്തിന്റെ അടുത്തേക്കുള്ള ഒരു മാർഗ്ഗം!' അവിടെ എന്റെ സുഹൃത്തുക്കളെ, നിന്നെയും തന്റെ അഭിപ്രായപ്രകടനത്തിന്റെപേരിൽ വധിക്കുന്നില്ല....അതുകൊണ്ടു നിങ്ങൾ ദുഃഖിക്കരുതു്'....

നേരം അസ്തമനത്തോടടുക്കുന്നു. ജയിലർ ഒരു കപ്പു വിഷവുമായി പ്രവേശിക്കുന്നു. 'ശ്രോക്രട്ടീസു്, എന്നോടു വിരോധം തോന്നരുതു്. മാറുള്ളവരാണ് അങ്ങയുടെ മരണത്തിനു് കാരണക്കാർ', എന്നുപറഞ്ഞ് അയാൾ തന്റെ കയ്യിലെ വിഷം സോക്രട്ടീസിനു കൊടുക്കുന്നു, പൊട്ടിക്കരയുന്നു.

'അവിടേയിനിയുന്ന ഞങ്ങൾക്കും ഈ സ്ഥിതി ഉടനുണ്ടാകുമായി. എങ്കിലുമെന്നായിരുന്നു? ശീതകാലത്തെ അതൃപ്തമായ തണുപ്പിൽ മഞ്ഞുകട്ടകളിൽക്കൂടി ആതൻസിലെ തെരുവിലൂടെ നഗ്നപാദനായി നടക്കാൻ അദ്ദേഹത്തിനുമാത്രമേ കഴിഞ്ഞിരുന്നുള്ളൂ. പ്രവർത്തനനിപുണനായ ഒരു ജീവിതത്തെപ്പറ്റി അദ്ദേഹത്തിനു് ചിന്തിക്കാൻതന്നെ കഴിഞ്ഞില്ല. 'നാം ജീവിതത്തെ അമിതമായി കീഴടക്കുന്നതുപോലെത്തന്നെ മരണത്തേയും ധീരമായിതോരിണം....എന്റെ ന്യായാധിപന്മാരേ, മരണത്തിൽനിന്നും രക്ഷപ്പെടുമെല്ലു, മരിച്ചു കഠാതിൽനിന്നും രക്ഷപ്പെടാമാണ് വിഷമം. കാരണം കഠാം മരണത്തേക്കാളും ശ്ലഘനീയമാണ്.'

ജീവിതത്തിലെ ആ അവസാനദിനത്തിൽ വളരെ ശിഷ്യന്മാർ അദ്ദേഹത്തെ ജയിലിൽവെച്ചുന്ന കണ്ടു. മറെ പലതിനോടൊപ്പം, പ്ലാറോ തന്റെ ഐതിഹാസികതയിയായ 'മഹായിഡോ'വിൽ ഈ രംഗത്തേയും വിവരിക്കുന്നുണ്ടു്. അവർ അദ്ദേഹത്തെ പുറാട്ടിച്ചിനിൽക്കുകയാണു്; അവരിൽ ഒരാളുവിളിച്ചു 'സോക്രട്ടീസു്, അയാളുടെ ദുരിയെയുക്കിക്കൊണ്ടാണു് ജീവിതം, മരണം, ആത്മാവിന്റെ അമരതയെ എന്നിവയെപ്പറ്റിയാണു് സംസാരിക്കുകയാണു്. മരണം അനശ്വരവും മധുരവുമായ ഒരു വിസ്മൃതിയെയുമാണു് അവിടെ ഉദ്ധരിക്കുന്നില്ല, നീതിന്യായമില്ല, നിരാശയില്ല, ക്ലേശങ്ങളില്ല, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുള്ള ഒരു കവാടമാണു്. ദൈവത്തിന്റെ അടുത്തേക്കുള്ള ഒരു മാർഗ്ഗം!' അവിടെ എന്റെ സുഹൃത്തുക്കളെ, നിന്നെയും തന്റെ അഭിപ്രായപ്രകടനത്തിന്റെപേരിൽ വധിക്കുന്നില്ല....അതുകൊണ്ടു നി

ഗ്രന്ഥവിഹാരം

ഇടുങ്ങിയ വാതിൽ

മൂലഗ്രന്ഥകാരൻ: — ആന്ദ്രെജിദ്
വിവർത്തകൻ — ഒ. വി. ജോസഫ്
പ്രസാധകർ — സാഹിത്യപ്രവർത്തകസഹകരണസംഘം
വില — 2-00 പേജ് 182

കുററിപ്പുഴ ദിവാകരൻ എം. ഏ.

മററ ഭാഷകളിൽനിന്നും വിവർത്തനം ചെയ്യപ്പെട്ട നോവലുകൾക്ക് കേരളീയരുടെ ഇടയിൽ അന്നും ഇന്നും നല്ല മതിപ്പാണ്. മൂലഗ്രന്ഥകാരൻ നോബൽസമ്മാനം നേടിയ ആളാവുക, വിവർത്തനം ഒന്നാംകിടയിൽപെട്ട അനേകം ചെറുതും വലുതുമായ നോവലുകൾവഴി സമ്പുഷ്ടിയാർന്ന ഹസ്തങ്ങളിൽനിന്നാവുക, വിവർത്തകൻ ആദ്യന്തചാതുര്യമുള്ളവനാകുക—അനുവാചകരെ സംബന്ധിച്ചിടത്തോളം മറെറാരനുഗ്രഹവും വേണമെന്നില്ല.

നോബൽസമ്മാനം നേടിയ ആന്ദ്രെജീദിൻെറ മുന്തിയ നോവലാണ് 'ഇടുങ്ങിയ വാതിൽ' ഗ്രന്ഥകാരൻെറ ആത്മകഥയുമായി വളരെയധികം അടുപ്പം അവകാശപ്പെടുന്നതാണിതിലെ ഇതിവൃത്തം. ചെറുപ്പക്കാരനും സ്നേഹസമ്പന്നനുമായ ജെറോം തന്നെക്കാൾ പ്രായക്കൂടുതലുള്ള എലിസയിൽ അനുരക്തനാണ്. പക്ഷെ എലിസയ്ക്ക് അയാളോട് മമതയുണ്ടെങ്കിലും അവർ തമ്മിൽ ഒരു ദാമ്പത്യജീവിതം കെട്ടിപ്പടുക്കുവാൻ അവളിലെ മതബോധം അനുവദിക്കുന്നില്ല. ഈ ലോകം വാസ്തവത്തിലുള്ള ജീവിതത്തിനു കളമൊരുക്കുന്ന സ്ഥലമാണ്.

യഥാർത്ഥ ജീവിതം ഇതിന്നപ്പുറത്താണ്. ഇടുങ്ങിയ വാതിൽ കണ്ടെത്തുന്ന ചുരുക്കം ആളുകളിൽ ഒരാളായിത്തീരാനുള്ള എലിസയുടെ അത്യുൽക്കടമായ ആഗ്രഹം ജെറോമിൻെറ അനുരാഗലതയുടെ വേരു് തോണ്ടി. തീവ്രമായ മതബോധം നിമിത്തം തകർച്ചയിലേയ്ക്കും നാശത്തിലേയ്ക്കും വെട്ടിത്തിരിഞ്ഞപ്പോൾ ഒരു പ്രണയകഥയുടെ ഹൃദയസ്പർശിയായ ആവിഷ്കരണമാണ് ഈ കൃതി

ജെറോമിൻെറയും എലീസയുടേയും ദുരന്തത്തിൽ വായനക്കാർ സഹതപിക്കും. എങ്കിലും ടോൾസ്റ്റോയിയുടെ അന്നയും ഫ്ളാബേർട്ടിൻെറ മാഡംബോവറിയും അനുവാചകരിൽനിന്നും ആർജ്ജിക്കുന്ന അടുപ്പവും അനുകമ്പയും എലീസക്കു നേടാൻ കഴിഞ്ഞിട്ടില്ല. പ്രേമരംഗത്തിൻെറ ഉജ്ജ്വലശില്പങ്ങളാണല്ലോ അവർ രണ്ടുപേരും.

വിവർത്തകനായ ശ്രീ ഒ. പി. ജോസഫിൻെറ ഒരു സവിശേഷത, ഒരിക്കലും അദ്ദേഹം മൂലഗ്രന്ഥകാരൻെറയും വായനക്കാരൻെറയും ഇടയിൽ വിലങ്ങുതടിയായി നിന്നിട്ടില്ല എന്നതാണ്. വികാരങ്ങളുടെ വേലിയേററങ്ങൾ സൂക്ഷ്മമാക്കുവാനും അപഗ്രഥിക്കുവാനും അദ്ദേഹത്തിനുള്ള കഴിവ് അന്യാദൃശമാണ്. കഥ പറയുന്ന രീതിക്കുതന്നെയുണ്ട് ഒരു പുതുമയും ഉന്മേഷവും. 'മിസ്ചാറിയാൻെറ മരണം' എന്ന ഗ്രന്ഥം വായിച്ചിട്ടുള്ളവർക്കാർക്കും അദ്ദേഹത്തെ മറക്കാനാവില്ല. ഈ വിവർത്തനത്തിലും തനതായ പ്രത്യേകതകൾ പരിരക്ഷിക്കുവാൻ വിവർത്തകനു കഴിഞ്ഞിട്ടുണ്ട്. നിങ്ങളുടെ ഗ്രന്ഥശേഖരത്തിലേയ്ക്ക് ഈ പുസ്തകംകൂടി ചേർക്കാം.

കേരളമക്കൾ യൂറോപ്പിൽ

(ഗ്രന്ഥകർത്രി:—സൂസി
പ്രസാധകന്മാർ:—മനോരമ പബ്ലിഷിംഗ് ഹൗസ്, കോട്ടയം.
വില: രൂ. 3. പുറം 236)

(ടോംജോസ്)

കഴിഞ്ഞകാലത്തെ അനുഭവങ്ങളിലേക്ക് തിരിഞ്ഞുനോക്കുക രസകരമായ സംഗതിയാണ്. നമ്മുടെ കുറവുകളും നേട്ടങ്ങളും നോക്കിക്കാണുവാൻ തന്മൂലം നമുക്കുതന്നെ കഴിയും. മാത്രമല്ല സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴത്തെ വികാരക്ഷോഭങ്ങളിൽനിന്ന് സമയദൂരത്തിൽ അകന്നിരുന്ന് അതേ സംഭവങ്ങളെപ്പററി ചിന്തിക്കുന്നതു് വിജ്ഞാനപ്രദവുമാണ്.

'കേരളമക്കൾ യൂറോപ്പിൽ' എന്ന ഈ യാത്രാവിവരണഗ്രന്ഥം എഴുതിയിരിക്കുന്നതു് സൂസിയാണ്. അവർ യൂറോപ്പിൻെറ വിവിധഭാഗങ്ങളിലൂടെ ചുററിക്കണ്ടു്; ഇംഗ്ലണ്ടിൽ കുറേക്കാലം താമസിച്ചു. താൻ കണ്ടെത്തിയവയിൽ തന്നെ ആകർഷിച്ച കാര്യങ്ങൾ ഉൾക്കൊള്ളിച്ചു് ലളിതസുന്ദരമായ ശൈലിയിൽ, കൊച്ചുകൊച്ചുവാക്യങ്ങൾകൊണ്ടു്, അഹന്തയുടെ കറപുരളാതെയും ആത്മപ്രശംസയുടെ കരിനിഴൽ വീഴാതെയും, ഒരു നോവൽ വായിക്കുന്നതുപോലെ വായിച്ചു തീർക്കുവാനും ആസ്വദിക്കുവാനും ഉതകുന്ന വിധത്തിലാണ് ഈ കൃതി സൂസി നടത്തിയിരിക്കുന്നതു്. നല്ല അച്ചടി; തന്മൂലം വായിക്കുവാൻ ഒരു പ്രത്യേകസുഖം ഉണ്ട്, നല്ല കെട്ടുറപ്പു; അതുകൊണ്ടു് യാത്രചെയ്യുമ്പോൾ കയ്യിലിരുന്നാൽ അഭിമാനത്തിനു വകയുള്ള.

സൂസി മലയാളിയാണ്; ഭർത്താവിൻെറ ജോലി ബോംബെയിലായതു കാരണം താമസം അവിടെത്തന്നെ. കുറേക്കാലം ഭർത്താവിൻെറ ജോലി ലണ്ടനിലായിരുന്ന അക്കാലത്തു് ഈ ഭാര്യ ഭർത്താവൊന്നിച്ചു താമസിച്ചു. ജോലി ഭർത്താവിനു മാത്രമായിരുന്നുവല്ലോ. തന്മൂലം ഭാര്യയ്ക്കു് ഒഴിവുസമയം ധാരാളം കിട്ടി കിട്ടിയ അവസരം പാഴാക്കിയില്ല ലണ്ടൻ നഗരത്തെപ്പററി ശരിയ്ക്കും പഠിച്ചു 20 അദ്ധ്യായങ്ങൾ ഉള്ള ഈ കൃതിയിൽ എഴുപത്തിയഞ്ചു് ശതമാനം ഭാഗങ്ങളും 'ലണ്ടനു'വേണ്ടി നീക്കിവെച്ചിരിക്കുന്നു.

സംഭവങ്ങൾ വിവരിക്കുമ്പോൾ യാതൊരുവിധ നിറപ്പകിട്ടും കൊടുക്കുവാൻ അവർ ശ്രമിച്ചിട്ടില്ല. ഉള്ളതു് ഉള്ളതുപോലെ ചിത്രീകരിച്ചു. പ്രത്യേകിച്ച് ഒന്നിനോടും താല്പര്യം കാണിച്ചില്ല ഒന്നിനെയും ബോധപൂർവ്വം ചെറുക്കുകയും ചെയ്തിട്ടില്ല. അതേസമയം ഓരോ സ്ഥലത്തും കണ്ട പ്രത്യേകതകൾ ഭംഗിയായും വണ്ണം ചിത്രീകരിയ്ക്കുകയും ചെയ്തു.

സ്ത്രീഹൃദയത്തിൻെറ നിഗൂഢതകളിലേയ്ക്കു വെളിച്ചം വീശുന്ന ചില ഭാഗങ്ങൾ ഇതിലുണ്ട്. പെണ്ണുങ്ങൾ ഫാഷനെപ്പററിയാണ് മിക്കവാറും ചിന്തിയ്ക്കുക. പിന്നെ സിനിമാതാരങ്ങളെക്കുറിച്ചും ബിഷപ്പന്മാരെക്കുറിച്ചും തിരയ്ക്കും മാത്രമല്ല 'ശീതയുദ്ധം' എന്നു പറഞ്ഞാലെന്തെന്നു് ഭൂരിപക്ഷം ബി. എ. ക്കാരായ പെണ്ണുങ്ങൾക്കും അറിഞ്ഞുകൂടെന്നാണ് ശ്രീമതി സൂസിയുടെ മതം.

എന്തും ഭംഗിയായും വ്യക്തമായും പറയുവാൻ സൂസിയ്ക്കു നല്ല വശമാണ്. നോക്കുക: 'അസമയത്തും വില പേശി സാധനങ്ങൾ വാങ്ങാനുള്ള ഒരവസരം സ്ത്രീകൾ പാഴാക്കുകയില്ല. ആണുങ്ങൾക്ക പലർക്കും മനസ്സിലാക്കാൻ വയ്യാത്ത ഒരു സ്ത്രീ സ്വഭാവമാണല്ലോ ഷോപ്പിംഗിനുള്ള കൊതി; ഒന്നും വാങ്ങിക്കുന്നതിലല്ല കാര്യം. എല്ലാം കാണുകയും വിലചോദിച്ചറിയുകയുമാണ് കാര്യമായിട്ടുള്ളതു്. നേരെമറിച്ചു് ആണുങ്ങളാണെങ്കിൽ എന്തെങ്കിലും വേണമെങ്കിൽ തൻെറ സ്വന്തം ഷോപ്പ് എന്നു വിലമതിക്കുന്ന ഒരു കടയിൽ കയറി പറയുന്ന വിലയും കൊടുത്തു് സാധനം വാങ്ങി നേരേ പോരും. അവർക്കു ഷോപ്പിംഗ് ആസ്വദിക്കുവാൻ അറിഞ്ഞുകൂടാ. ഗദ്യത്തിലെഴുതുന്ന സംഗതികൾ വളച്ചുകെട്ടി പദ്യത്തിലാക്കി കവിത എഴുതുന്നതെന്തിനെന്നു് ഞങ്ങളുടെ കൊച്ചുമകൾ ചോദിക്കുന്നതുപോലെയാണ് ആണുങ്ങൾക്ക നമ്മുടെ ഷോപ്പിംഗിനെപ്പററിയുള്ള അഭിപ്രായവും. കവിത രസിക്കുവാനും ഒരു കഴിവു വേണമല്ലോ.'

പഠിക്കാനും രസിക്കാനുമുതകുന്ന ഈ യാത്രാവിവരണഗ്രന്ഥത്തിനു് ഇനിയും ഇളയസഹോദരിമാർ ഉണ്ടാകട്ടെ.

....

നഗരത്തിലെ നരകം

[മൂന്നാം പേജിൽനിന്നു തുടർച്ച]

പണമടച്ച ഹൗസിംഗ്ബോർഡിൽചേരാം. ഓരോ തവണയും നറുക്കു വീഴുന്നവർക്കു വീടു കിട്ടുമെന്നാണു വ്യവസ്ഥ. പക്ഷെ നമുക്കു വീണാലും മററനേക വസ്തുതകൾ അധികൃതരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടു്. എന്നാലും ആയിരക്കണക്കിനു വിദേശികളായ ജീവനക്കാർ മഹാരാഷ്ട്രഹൗസിംഗ് ബോർഡിൻെറ അംഗങ്ങളായിച്ചേർന്നു ഇങ്ങനെ സ്വന്തമായി പാർപ്പിടങ്ങൾ സമ്പാദിക്കുന്നു.

തൂണില്ലാത്ത കുടിലുകൾ

പിൻവശത്തെ ജനാലയിൽക്കൂടെ പുറത്തേക്കു നോക്കിയാൽ ഒട്ടധികം കുടിലുകൾ കാണാം. അവയൊന്നും തൂണിൽ നില്ക്കുന്നവയല്ല. നാലഞ്ചുകമ്പുകൾ അങ്ങോട്ടു മിങ്ങോട്ടും ചാരി കെട്ടിനിർത്തി. പനയിലപ്പായോ ലോറിക്കാർ ഉപേക്ഷിച്ചുകളയുന്ന പഴഞ്ചൻ 'പട്ടതാ'യോമുകളിൽ വലിച്ചിട്ടാണു അവ നിർമ്മിച്ചിരിക്കുന്നതു്. അകത്തു വെയിലേല്ക്കുകയില്ലെന്നു തോന്നുന്നു. പക്ഷെ മഴ പെയ്താൽ ഒരു തുള്ളി വെള്ളവും പുറത്തുപോകയില്ല. കുമാരനാശാൻ വർണ്ണിച്ചിട്ടുള്ളതുപോലെ 'ഒരു ചൊവ്വും ചന്തവുമില്ലാക്കുടിലുകണ്ടാൽ.'

ആ കുടിലുകളിൽ ജീവിക്കുന്നവർ മനുഷ്യരാണ്. സാക്ഷാൽ മറാത്തികൾ; ബോംബെ നഗരത്തിൻെറ ഭൂമിശാസ്ത്രപരമായ അവകാശികൾ! നഗരപ്പകിട്ടിൻെറ പശ്ചാത്തലത്തിൽ അനാഗരികതയുടെ പ്രതീകംപോലെ അവർ ജീവിക്കുന്നു. 'സർക്കാരിൻെറ ഭവനനിർമ്മാണപദ്ധതികൾ ഇവർക്കുവേണ്ടി ഒന്നും ചെയ്യുന്നില്ലേ' എന്നു ആരും ചോദിച്ചുപോകുന്നതത്ഭുതമല്ല.

ഭവനദൂരീകരണപദ്ധതി

ഞങ്ങൾ അവിടെയെല്ലാം ചുററിനടന്നു. നിരപ്പില്ലാത്ത കുന്നുകളിലും കരിങ്കല്ലുപൊട്ടിച്ചെടുത്ത കുഴികളിലുമായി അവിടെ നൂറുകണക്കിനു കുടിലുകളുണ്ടു്. കുറെ വൃത്തികെട്ട മനുഷ്യരെ അതിനുള്ളിൽക്കണ്ടു; 'കുളിക്കുകയും നനയ്ക്കുകയു'മില്ലാത്ത കൂട്ടർ! ആണുങ്ങളും പെണ്ണുങ്ങളും ഒരു ക്രമവുമില്ലാതെ പരസ്പരം ഇടപഴകി ജീവിക്കുകയാണെന്നു എൻെറ സുഹൃത്തു പറഞ്ഞു. എല്ലുന്തി, വയർവീർത്ത കുറെകുട്ടികളുണ്ടു്. ദാരിദ്ര്യം പകർച്ചവിട്ട പേക്കോലങ്ങൾ മാതിരി അവരും ജീവിക്കുന്നു. ശാപ്പും പിടിച്ചു കരയുന്ന കുഞ്ഞുങ്ങളെ നോക്കാൻ അമ്മമാർക്കു നേരമില്ല അവർ കല്ലും മണ്ണും ചുമക്കുകയോ വീട്ടുജോലി ചെയ്യുകയോ ഒക്കെയാണ്.

'ഇവരുടെ കാര്യത്തിൽ ഗവമ്മേണ്ടിനു ഒന്നും ചെയ്യാനില്ലേ?' ഞാൻ ചോദിച്ചു.

'എന്തു ചെയ്യാനാണ്.'

'നിങ്ങൾക്ക വീട്ടുണ്ടാക്കുന്നതിനു മുമ്പു ഗവമ്മേണ്ടു് ഇവർക്കു പാർപ്പിടം നൽകേണ്ടതായിരുന്നു.'

'വീട്ടിൽ താമസിക്കുന്നതു് അവർക്കിഷ്ടമില്ല; ഇങ്ങനെ അലഞ്ഞുതിരിയാനാണു താല്പര്യം.' അപ്രേൻ തുടർന്നു 'ഈ കെട്ടിടമിരുന്നിടത്തു ഇത്തരം ഒട്ടേറെ കുടിലുകളുണ്ടായിരുന്നു. അവിടെ താമസിച്ചിരുന്നവർക്ക ഗവമ്മേണ്ടിൽനിന്നു നാഗപ്പാളിയും കഴകളുമുപയോഗിച്ചു ചെറിയ ഷെഡ്ഡുകൾ ഉണ്ടാക്കി. ഒരു കുടുംബത്തിനു രണ്ടു ചെറിയ മുറികൾ വീതം കൊടുത്തു അവരെ പുനരധിവസിപ്പിച്ചു. പക്ഷെ അങ്ങിനെ കിട്ടിയ താമസസ്ഥലങ്ങൾ വാടകയ്ക്കു കൊടുത്തിട്ടാണു അവർ ഈ വൃത്തികെട്ട കുടിലുകളിൽ പാർക്കുന്നതു്.'

'അപ്പോൾ ഭവനദൂരീകരണത്തിനാണു ഇവർ ശ്രമിക്കുന്നതെന്നോ?'

'ഒരുവിധത്തിൽ അങ്ങിനെ തന്നെയാണ് തോന്നിയതുപോലെ അലഞ്ഞുതിരിയുന്നതാണു അവർക്കിഷ്ടം. ഒരു തരം വാററുമദ്യമുണ്ടാക്കിക്കുടിക്കുകയും ചെയ്യും.'

പെണ്ണുങ്ങൾ പണിയെടുക്കുന്ന യന്ത്രങ്ങൾ

'എന്നാലും ഇവർ നല്ലതുപോലെ അദ്ധ്വാനിക്കുകയില്ലേ?' എനിക്കവരെപ്പററി കൂടുതൽ വിവരങ്ങളറിയാൻ കൗതുകം തോന്നി.

'എന്നു പറഞ്ഞുകൂടാ. പ്രയത്നശാലികളുമുണ്ട്. സ്ത്രീകളാണു മുടങ്ങാതെ വേല ചെയ്യുന്നതു്. എത്ര ഭാരമുള്ള ചുമടും അവർ നിഷ്പ്രയാസം എടുത്തുകൊണ്ടുപോകും. പാറ പൊട്ടിക്കുകയും മണ്ണെടുക്കുകയുമൊക്കെ ചെയ്യാൻ അവർക്കൊരു മടിയുമില്ല. കെട്ടിടംപണിയുടെ മെയ്യുട്ടുവേല ചെയ്യുന്നതു അധികവും സ്ത്രീകളാണ്.

അപ്പുറത്തുനിന്നു കരിങ്കൽത്തുണ്ടുകൾ ചുമന്നുകൊണ്ടു കുറെ പെണ്ണുങ്ങൾ വരുന്നതുകണ്ടു. നമ്മുടെ നാട്ടിലെ സാധാരണ സ്ത്രീകൾക്കു തീർച്ചയായും അതു ചുമക്കാൻ സാദ്ധ്യമല്ല.

ജനങ്ങളുടെ ജീവിതനിലവാരം താഴുന്നതും ദാരിദ്ര്യം വർദ്ധിക്കുന്നതും സാമ്പത്തിക കാരണങ്ങൾകൊണ്ടു മാത്രമല്ല; സാംസ്ക്കാരികമായ ഉയർന്ന ചിന്താഗതികൾക്കു മാത്രമേ ജനസമൂഹത്തെ അഭിവൃദ്ധിപ്പെടുത്താൻ കഴിയുകയുള്ളു. സാമൂഹ്യബന്ധങ്ങളിൽ ഉന്നതനിലവാരം പുലർത്തുവാനും വേലയുടെ വില സംബന്ധിച്ച മികച്ച മാനദണ്ഡങ്ങൾ നിലനിറുത്തുവാനും വിദ്യാഭ്യാസം ഒരനുപേക്ഷണീയഘടകമാണ്. നമ്മുടെ ഗ്രാമങ്ങളുടെ ഹൃദയങ്ങളിലേക്കു നീങ്ങിചെല്ലുന്ന പഞ്ചവത്സരപദ്ധതികളുടെ സാംസ്കാരികവെളിച്ചം എത്തിയിട്ടില്ലാത്ത ഈ ജനകോടികൾ നമ്മുടെ സ്വാതന്ത്ര്യത്തിനു ഒരു ബാദ്ധ്യതയായിത്തന്നെ നിലകൊള്ളുന്നു മാനുഷികബന്ധങ്ങളുടെ പരിപാവനതയും സാമൂഹ്യജീവിതത്തിൻെറ മഹത്തായ നേട്ടങ്ങളും അവരുടെ സ്വപ്നലോകത്തിൽപ്പോലും ഇനിയും കടന്നുചെന്നിട്ടില്ലെങ്കിൽ ഗാന്ധിജി വിഭാവനം ചെയ്തിട്ടുള്ള ക്ഷേമരാഷ്ട്രം എവിടെയെന്നു ആരെങ്കിലും ഉറക്കെ ചിന്തിച്ചുപോകുന്നതു കുററമാണോ?

സ്ത്രീകൾ തമ്മിൽ അടിപിടി

ഞങ്ങൾ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾത്തന്നെ താഴെയുള്ള ഒരു കുടിൽ മുററത്തു നിന്നു രണ്ടു സ്ത്രീകൾ കനമുള്ള മറാത്തിയിൽ എന്തോ പറഞ്ഞുതുടങ്ങി. അതൊരു ശണ്ഠയായി വളരാൻ അധിക സമയം വേണ്ടിവന്നില്ല. കയ്യിൽക്കിട്ടിയ കമ്പും കല്ലുമൊക്കെ യെടുത്തു ആ സ്ത്രീകൾ പരസ്പരം പ്രഹരിച്ചു. അടുത്തുണ്ടായിരുന്നവരും ഓടിക്കൂടി. വഴക്കു ശമിപ്പിക്കുവാനല്ല, അവരുടെ ശ്രമം. വന്നവർ വന്നവർ ഇരുപക്ഷത്തും ചേർന്നു അടിപിടി തുടർന്നു. തലപൊട്ടിയവരും കൈമുറിഞ്ഞവരുമുണ്ടു്. കുഞ്ഞുങ്ങൾ കൂട്ടനിലവിളിയായി. ആ കോളനിയിലുണ്ടായിരുന്ന ചുരുക്കം ചില പുരുഷന്മാർ അങ്ങുമിങ്ങും നോക്കിനിന്നതേയുള്ളു. ചിലർ എന്തൊക്കെയോ വിളിച്ചുപറഞ്ഞു. മററു ചിലർ പൊട്ടിച്ചിരിച്ചു. ആ പെൺപട അവസാനിപ്പിക്കാൻ പോലീസ് സഹായം വേണ്ടിവന്നു.

'ഇത്തരം വഴക്കുകൾ ഇവിടെ സാധാരണമാണ്.' അപ്രേൻ പറഞ്ഞു.

'ആ സ്ത്രീകൾക്ക ഭർത്താക്കന്മാരില്ലേ? അവർക്കു ഇത്തരം കലഹങ്ങൾ നിയന്ത്രിച്ചുകൂടെ' ഞാൻ ചോദിച്ചു.

'സാദ്ധ്യമല്ല; ഭർത്താവു പറഞ്ഞാൽകേൾക്കുന്ന ഭാര്യമാർ ഇക്കൂട്ടത്തിൽ തുലോം ചുരുക്കമാണ്. നമ്മുടെ നാട്ടിലേപ്പോലെ കെട്ടുറപ്പുള്ള കുടുംബബന്ധങ്ങളും ഇവരുടെ യിടയിലില്ല.'

ഗാർഹികസ്വച്ഛത

ഞങ്ങൾ തിരിച്ചെത്തിയപ്പോൾ ചോറും കറിയും തയ്യാറായി മേശപ്പുറത്തു നിരന്നുകഴിഞ്ഞിരുന്നു. തനി മലയാളിമട്ടിലുള്ള വിഭവബഹുലമായ ഭക്ഷണം. അപ്രേൻെറ ഭാര്യ ഉപചാരപൂർവ്വം എല്ലാം വിളമ്പിത്തന്നു. ഗാർഹികമായ സംതൃപ്തിയും സ്വച്ഛതയും അവിടെയെങ്ങും തങ്ങിനിന്നു. അങ്ങേപ്പുറത്തു ദരിദ്രശതങ്ങൾ വിശന്നുപൊരിയുകയും തല്ലുപിടിക്കുകയും ചെയ്യുന്നു. ശാന്തിയും സംതൃപ്തിയും അവരുടെ യിടയിലില്ല. അതിൻെറ മാധുര്യം അവർക്കറിഞ്ഞുകൂടായിരിക്കാം. സാമൂഹ്യരംഗങ്ങളിൽ കാണപ്പെടുന്ന ഈ വൈരുദ്ധ്യം എന്നാണോ പരിഹരിക്കപ്പെടുക?

ബസ്സിൽ തള്ളിക്കയററമില്ല

ഊണു കഴിഞ്ഞപ്പോൾ മണി ഒന്നായിരിക്കുന്നു. സുഖമായി ഒന്നുറങ്ങാനുള്ള അവസരമാണ്. പക്ഷെ ഗേററ് ഓഫ് ഇൻഡ്യയിൽ പോകണം. ബോംബേയിൽ മൂന്നു ദിവസം ചെലവഴിച്ചിട്ടു അതു കാണാൻ സാധിക്കാത്തതു നഷ്ടമാണ്.

ഞാൻ യാത്ര പറഞ്ഞിറങ്ങി. അപ്രേൻ എൻെറ കൂടെ സയൺ സർക്കിൾവരെ വന്നു. വെസ്റ്റേൺ റയിൽവേയിൽ ജോലിയുള്ള മി. കെ. എം. ചാക്കോയും ഞങ്ങളുടെ കൂടെയുണ്ടു്.

ഞങ്ങൾ ബസ്സ്സ്റ്റോപ്പിലെത്തി ക്യൂനിന്നു. മൂന്നു മിനിട്ടിനു ഒരു ബസ്സ് വീതം വരുന്നുണ്ടു്. ക്യൂവിൽ മുൻപന്തിയിലുള്ള ഏതാനും പേർക്കേ കയറാൻ സാധിക്കൂ. നമ്മുടെ നാട്ടിലേപ്പോലുള്ള തള്ളിക്കയററം അവിടെ നടപ്പില്ല. വാഴക്കുലപോലെ മനുഷ്യരെ ബസ്സിനുള്ളിൽ കെട്ടിത്തൂക്കിക്കൊണ്ടു പോകയുമില്ല.

നാലഞ്ചു ബസ്സ് കടന്നുപോയിട്ടും ഞങ്ങൾക്കു കയറാൻ സാധിച്ചില്ല. ക്യൂവിൽ മുൻപന്തിയിലെത്തിയതുമില്ല. പെട്ടെന്നു ശ്രീ. ചാക്കോ ഒരു ടാക്സി വിളിച്ചുകൊണ്ടുവന്നു. പതിനഞ്ചുമിനിട്ടിനുള്ളിൽ ഞങ്ങൾ ദാദർ സ്റ്റേഷനിലിറങ്ങി അഞ്ചു മൈലിനുള്ള ടാക്സിചാർജ്ജ് വെറും രണ്ടേകാൽ രൂപയേ ആയുള്ളു.

ഓളമിളക്കുന്ന ചിന്തകൾ

എൻെറ കൂട്ടുകാരൻ ചാക്കോ കൊച്ചിൻ എക്സ്പ്രസിനു പോകുകയാണ്. ഞാൻ ലോക്കൽ ട്രയിനിൽ നേരെ വിക്ടോറിയാ ടെർമിനസ്സിലേക്കുപോയി. നഗരത്തിലെ വൃത്തികെട്ട കുടിലുകളും അവയിൽ താമസിക്കുന്ന അനാഗരികരായ ജനങ്ങളും എൻെറ ചിന്തയിൽ പിന്നെയും പിന്നെയും ഓളമിളക്കിക്കൊണ്ടിരുന്നു. റയിൽവെ ലൈനിൻെറ പരിസരങ്ങളിലും അക്കൂട്ടരെ ധാരാളം കാണാം. നേരത്തെ അവരെക്കണ്ടിരുന്നെങ്കിലും ഞാൻ ഒട്ടും താല്പര്യപൂർവ്വം ശ്രദ്ധിച്ചിരുന്നില്ല. നഗരത്തിൻെറ പകിട്ടിനും പ്രതാപത്തിനും വിഴുങ്ങാനാവാത്ത ആ മനുഷ്യജീവികൾ ടൂറിസ്റ്റുകൾക്കു 'കണ്ണിൽക്കരടാ'യി അവശേഷിക്കുന്നു. 'തെണ്ടിവർഗ്ഗം' എന്നവരെപ്പറഞ്ഞുകൂടാ. പക്ഷെ അക്കൂട്ടത്തിൽ തെണ്ടുന്നവരുണ്ട്. 'കള്ളപ്പരിഷകൾ' എന്നു പറയാമോ? അതും സൂക്ഷിച്ചുവേണം. പക്ഷെ മോഷണത്തിനോ പിടിച്ചുപറിക്കലിനോ അവസരം കിട്ടിയാൽ അതൊരു നേട്ടമായി അവർ കരുതിയേക്കും എന്തൊക്കെയായാലും അവരും ഭാരതത്തിലെ പൗരന്മാരാണ്. നാല്പത്തിനാലു കോടിയുടെ അഭിമാനവും ഭാഗധേയവും നിർണ്ണയിക്കുന്നതിൽ അക്കൂട്ടർക്കും അതിപ്രധാനമായ ഒരു പങ്കുണ്ടു്. സംസ്ഥാനത്തിൻെറ ഒരു പുത്തൻതലമുറ അവരിൽനിന്നു രൂപമെടുക്കുവാൻ ഇനി ഒരു നൂററാണ്ടിനപ്പുറം ചെല്ലേണ്ടയോ എന്നാരറിഞ്ഞു?

(തുടരും)

എന്താണു പോംവഴി

[3-ാം പേജിൽ നിന്നു തുടർച്ച]

ക്കുന്നേടത്തോളം ഗവമ്മേണ്ടിൽ കയറിപ്പററുന്നവർ മറെറാരു തത്വശാസ്ത്രത്തിനു വിധേയരാകുന്നതെങ്ങനെ? പരുത്തിയോളമല്ലാതെ നൂലു് വെളുക്കുമോ? ഇന്ത്യയുടെ രാഷ്ട്രീയത്തിന്നു് അടിത്തറയുണ്ടാക്കുന്ന ഘട്ടത്തിൽ ഗാന്ധിജി നൈതികലക്ഷ്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയതു്, ഈ മാനുഷപ്രശ്നത്തിൻെറ ഗൗരവം മനസ്സിലാക്കിയതുകൊണ്ടാകുന്നു.

കേരളം നന്നാവും

നേതാക്കളുമില്ല, അനുയായികളുമില്ല—പിന്നെയെന്തുണ്ടു പോംവഴി? വിക്രമാദിത്യൻ കഥകളിലെ വേതാളത്തെപ്പോലെ, ആ പഴയ ചോദ്യം വീണ്ടും പഴയ പടി തൂങ്ങിക്കിടക്കുന്നു. ജനാധിപത്യരീതിയുടെ ഒരു മെച്ചം അനുഭവങ്ങളിലൂടെ അതു നന്നാക്കപ്പെടാം എന്നതാണ്. ജനാധിപത്യം ജനങ്ങളുടെ വിദ്യാഭ്യാസമാണല്ലോ. ഇന്നത്തെ ഈ മടുപ്പിക്കുന്ന ദുരിതാനുഭവങ്ങളുടെ മലീമസമായ ഗുഹാമാർഗ്ഗത്തിലൂടെ കടന്നു് അപ്പുറത്തെത്തുമ്പോൾ ഈ ദുർഗ്ഗന്ധപൂർണ്ണമായ അന്തരീക്ഷം ഇല്ലാതാകും. ഇംഗ്ലണ്ട് വിപ്ലവങ്ങളിലൂടെയും സ്ഥിരതയുള്ള ഒരു ഭരണക്രമത്തിൽ ചെന്നെത്തിയില്ലേ? അതുപോലെ കേരളവും പഠിക്കും, പഠിച്ചുനന്നാവും. സ്വാഭാവികമായ ഈ അനുഭവപാഠത്തിൽനിന്നുണ്ടാവേണ്ട പരിണാമം നേടിയാലല്ലാതെ ഇവിടത്തെ ജനാധിപത്യം നേരെയാകുകയില്ല. ജനാധിപത്യത്തിൽ, മററു ഭരണരീതികളിലെന്നപോലെ, കുറുക്കുവഴികളില്ല. ചരിത്രത്തിന്നും നീണ്ട വഴികളേ അറിഞ്ഞുകൂടൂ. അതിനാൽ ഇപ്പോഴത്തെ രാഷ്ട്രീയാനുഭവങ്ങൾ അനുപേക്ഷണീയമായ ഒരു മികച്ച വിദ്യാഭ്യാസമാണെന്നു നമുക്കു കണക്കാക്കുക. ആ വിദ്യാഭ്യാസം പരിശീലിക്കാനുള്ള ക്ഷമ കാണിക്കാതെ പെട്ടെന്നു് എന്തെങ്കിലും അത്ഭുതംവഴി നാടുനന്നാകണമെന്നു കരുതുന്നവർ ജനാധിപത്യവിശ്വാസികളല്ല. 'അവനവനെ ഭരിക്കുക' എന്ന ലക്ഷ്യത്തിൽ എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതെങ്ങനെ? നാം ഇന്നു പോകുന്ന വഴി അനിവാര്യമാണ്. വേറൊരു വഴി ജനാധിപത്യത്തിൽ ഇല്ല.

(ജാഗ്രത)

....o....o....

കഥ

ഋതുമാററങ്ങൾ

— എം. ദാമോദരൻ

ഉമാറാണി; തിരിച്ചുവരാനാഗ്രഹിക്കുന്നുവത്രേ! അവൾക്ക് ഒരു ഭാര്യയാകണം, അമ്മയാകണം.

പെട്ടെന്നു് ശ്രീരൻ തൻെറ കഴിഞ്ഞുപോയ കാലത്തെ സംഭവങ്ങളെക്കുറിച്ചോർത്തുപോയി.

ശ്രീരനു് പെണ്ണുകെട്ടാറായിയെന്നു് സ്വയം തോന്നിത്തുടങ്ങിയ ആ കാലം. ഉടപ്പിറന്നവൾ കൂടെക്കൂടെ എഴുതി, അമ്മക്കു പ്രായമായി, വയ്യാതായി. ഇനിയെങ്കിലും ഒരു പെണ്ണിനെ കൊണ്ടുവന്നൂടെ? ഒരു പെൺകുട്ടി വേണമെന്നു തോന്നായ്കയല്ല പക്ഷെ ഇതൊക്കെ പറഞ്ഞുനേടേണ്ട കാര്യമാണോ? പിന്നെ അമ്മ തന്നോടല്ലാതെ പറയുന്നതു കേട്ടിട്ടുണ്ടു്. 'എന്തായാലും അവൻ പെണ്ണുകെട്ട്യാൽ അവന്തന്നെ കൊണ്ടുപോകും. എനിക്ക് സഹായത്തിനൊന്നും ആരുമില്ല. പിന്നെ ഇപ്പഴത്തെ പെൺകുട്ട്യോളുടെ സ്വഭാവം എങ്ങന്യാന്നറിയില്ലല്ലോ?'

ഒരിക്കൽ ഇങ്ങിനെ പറയുന്നതു കേൾക്കാനിടയായപ്പോൾ ശ്രീരൻ ചിരിച്ചുകൊണ്ടു പറഞ്ഞു 'എന്നാലമ്മക്ക് സഹായത്തിനു് ഞാൻ ഒന്നിനെക്കൂട്ടി കൊണ്ടുവന്നാലോ?—എന്താ വേണമെന്നു് അമ്മ പറഞ്ഞാൽ മതി.'

'മിണ്ടാതിരിക്കെടാ.—ആട്ടെ ഞാൻകണ്ട പെണ്ണിനെ നിനക്കു പിടിക്ക്യോ?'

'ഐശ്വര്യമൊന്നുമില്ലെങ്കിൽ, സ്വഭാവഗുണമൊന്നുമില്ലെങ്കിൽ—'

അമ്മയുടെ മനസ്സിലുള്ള ആ മരുമകളെ പൂർണ്ണമാക്കുകയായിരുന്നു ശ്രീരൻ

'ഏതാ പെണ്ണ ?'

'നീയറിയില്ല. രമേച്ചിയുടെ നാട്ടുകാരിയാണ്. അവള് ആ കുട്ട്യപ്പററി എഴുതീർന്നു.'

'അമ്മ കണ്ടിട്ടുണ്ടോ ആ കുട്ട്യേ?'

'ഇല്ല.'

'പിന്നെങ്ങന്യാ?'

'ചേച്ചിയുടെ അഭിപ്രായമാണ്. വേണങ്കിൽ ചെന്നുകാണാലോ'

'ആലോചിക്കാം.'

പൂജയൊഴിവുകാലത്തു് ചേച്ചി വീട്ടിൽ വന്നപ്പോൾ ചോദിച്ചു

'ശ്രീരനെന്താ ഇനിം പെണ്ണുകെട്ടാത്തതു്—?'

'പെണ്ണിനെ കിട്ടാഞ്ഞിട്ട്'

'ആവൂ! ഒരു ബിഏക്കാരനോ പെണ്ണിനെ കിട്ടണ്ടെ?'

'ഉം—എന്താ അത്ര എളുപ്പമാണോ?'

'അതെ'

'ചേച്ചി ഒരുത്തിയെ കണ്ടുവെച്ചിട്ടുണ്ടെന്നു കേട്ടു'

'എങ്ങിനെ അറിഞ്ഞു?'

'അമ്മ പറഞ്ഞു'

'അവരെ ബോധിക്കോ എന്തോ?'

'എന്താ'

'ഒന്നുമായിട്ടില്ല'

'പിന്നെ—ചേച്ചി കണ്ടിട്ടില്ലേ?'

'ധാരാളമുണ്ടതിലധികം—'

'കണ്ടാലെങ്ങിന്യാ'

'കണ്ടാൽ ഒരു പെൺകുട്ടി—18 20 വയസ്സ്'

'പേരു?'

'ഉമാറാണി'

ശ്രീരൻ ഒരിക്കലും കണ്ടിട്ടില്ലാത്ത ആ കുട്ടിയുടെ രൂപം സങ്കല്പിക്കുകയായിരുന്നു.

'പഠിച്ചിട്ടുണ്ടോ?'

'എസ്. എസ്. എൽ. സി. വരെ'

'പിന്നെ—'

'പിന്നെ ആരോഗ്യവതിയാണ്. കറുത്തിട്ടല്ല—ധാരാളം മുടിയും—'

'മുടിയോ? എന്നാൽ വേണ്ട' ശ്രീരൻ ചിരിച്ചു. ചേച്ചിക്കു ചിരിയടക്കാൻ കഴിഞ്ഞില്ല.

'സാവധാനത്തിൽ ഒരു ദിവസം വന്നുകണ്ടു എന്നിട്ടാവട്ടെ—'

'ഉം—' ശ്രീരൻ ഒന്നുമൂളി മൂളി.

x x x

പെണ്ണുകാണലും കല്യാണവുമൊക്കെ വളരെ വേഗം കഴിഞ്ഞു.

വധു അത്ര വലിയ സുന്ദരിയൊന്നുമല്ലായിരുന്നു. എങ്കിലും ശ്രീരനവളെ പിടിച്ചു

വിവാഹശേഷവും ശ്രീരൻെറ ജീവിതചര്യകൾക്ക് വ്യത്യാസമൊന്നുമുണ്ടായില്ല. ഉമയെപ്പോലുള്ള ഒരു പെൺകിടാവിൻെറ സാന്നിദ്ധ്യം അയാൾക്ക് കണ്ണുകളിൽ കവിഞ്ഞ ആഹ്ലാദമൊന്നും ഉളവാക്കിയില്ല. പ്രകാശത്തിനെണ്ണീക്കും, കുളിക്കും രാമായണമോ ഭാഗവതമോ പാരായണം ചെയ്യും. കഞ്ഞികുടിച്ചാണ് ഓഫീസിൽ പോവുക. ഉമക്കു അതൊന്നും സഹിച്ചില്ല. പനിപിടിച്ചിട്ടുപോലും കഞ്ഞികുടിക്കാത്തവളാണവൾ. പിന്നെ പുലർകാലത്തെ ആ ഉറക്കത്തിൻെറ സുഖം! ആദ്യമൊക്കെ ഭർത്തൃപരിചരണത്തിൽ ഉമ ഉൽസുകയായി.

ധൃതിവെച്ചു മുററത്തേക്കിറങ്ങുമ്പോഴേക്ക് കോട്ടിൻെറ പോക്കററിൽ പിച്ചകപ്പൂവു മാലയെത്തും. വാച്ചു് മേശത്തണ്ടയിൽ കെട്ടിക്കും

ഓഫീസുവിട്ടു് വരുമ്പോൾ ശ്രീരൻെറ കയ്യിൽ ഒരു പാടു പുസ്തകങ്ങളും മാസികകളും കാണാം. ഒഴിവുസമയങ്ങൾ വായനകൊണ്ടു് 'ഫില്ലപ്പ്' ചെയ്യുന്നതിഷ്ടമാണ് അയാൾ. ഇംഗ്ലീഷ് ഹിന്ദി പുസ്തകങ്ങൾ. കാപ്പികഴിഞ്ഞ് ഏതാണ്ടു് അഞ്ചുമണിക്കു് പൊടിവലിച്ചു കയററി, ഉമ്മറത്തെ സോഫയിലിരുന്നു തനിക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ വായിക്കുക—അതിലുള്ള ആനന്ദം അളവററതായിരുന്നു. അതുകാണുമ്പോൾ ഉമക്ക് അസൂയയും സങ്കടവും തോന്നി. മററ ഭാഷകളിലുള്ള ആ പുസ്തകങ്ങൾ വായിക്കാൻ കഴിയാത്തതിൽ.

ഒരു ദിവസം അവൾ പറഞ്ഞു: 'എന്തിനാ ഇതൊക്കെ കൊണ്ടുവരണ്. എനിക്കൊന്നും വായിക്കാനറിഞ്ഞൂടെ.'

'അറിയാത്തവർ വായിക്കണമെന്നില്ല.'

'അറിയിച്ചുതന്നൂടെ' ശ്രീരൻ മുഖമുയർത്തി ഭാര്യയുടെ മുഖത്തേക്കു നോക്കി: 'എനിക്കിത്തിരി ഹിന്ദി പഠിക്കാർന്നു'

'പഠിക്കണോ ?'

'എങ്കിൽ ഈ വാരികകളും മററും എനിക്കു വായിക്കാലോ'

x x x

അന്നു് ഓഫീസിൽനിന്നു വരുമ്പോൾ ശ്രീരൻെറ കൂടെ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു.

അപരിചിതനായ ഒരു മനുഷ്യനെ കണ്ടപ്പോൾ ഉമ സങ്കോചത്തോടെ പിന്നോക്കംമാറി.

'എന്താ ഒളിക്കണ്? നിന്നെ പഠിപ്പിക്കാനുള്ള ആളാണ്'

ഉമ കൈകൾ കൂപ്പി. അപ്പോൾ, സോഫയിലെ പ്ലാസ്റ്റിക്കവറിൽ തിരുപ്പിടിപ്പിച്ച് അയാൾ നോക്കിയ നോട്ടം!

'ഉമേ കാപ്പി, ഇരിക്കൂ നേത്രൻ'

ഭർത്താവും പുതിയ മനുഷ്യനും കാപ്പി കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഉമ കീഴ്ക്കണ്ണിട്ടു് നോക്കി മിണ്ടാതെ നിന്നു. കാപ്പി മേശപ്പുറത്തു വെയ്ക്കുമ്പോൾ അയാളുടെ കണ്ണുകൾ അവളുടെ വിരൽത്തുമ്പുകളിലായിരുന്നു. അവളുടെ അയാളുടെ മുഖത്തും.

നേത്രൻ പോക്കററിൽനിന്നു സിഗരററെടുത്തു നീട്ടി 'വേണ്ട'

'വലിക്കൂ'

ശ്രീരൻ വാങ്ങി. തീപ്പെട്ടി കാണാഞ്ഞ് ഉമയെ വിളിച്ചു.

സിഗരററവലിച്ച് നീലപ്പുകച്ചുരുളുകൾ അലക്ഷ്യമായി അന്തരീക്ഷത്തിലേക്കയക്കുമ്പോൾ ഉമയുടെ മനസ്സ് മററാരു വിഷയത്തിലായിരുന്നു.

'അക്ഷരങ്ങളറിയാമോ?'

'ഉമ നിനക്ക് ആൽഫബററ്സ് അറിയോ?'

'അ കുച്ച്'

'ഉമക്കെപ്പഴാ ഒഴിവ്'?

'രാത്രിയിലെങ്ങാ ഒഴിവല്ലെങ്കിൽ?'

'എനിക്കെപ്പഴും ഒഴിവാണല്ലോ?'

'വൈകുന്നേരം മതി' ശ്രീരൻ

'അതേ' ഉമ

'3 to 5 എന്തേ.'

അയാൾ രണ്ടുപേരെയും മുഖത്തേക്കു നോക്കി,

x x x x

അങ്ങനെയാണു് നേത്രൻ ഉമക്കു ട്യൂഷൻ തുടങ്ങിയതു്. ശ്രീരൻ അറിയാതെ, ആലോചിക്കാതെ ചെയ്ത ഒരു തെററായിരുന്നു അതു്.

ശ്രീരൻെറ പരിപാടികൾക്കു് വ്യത്യാസമൊന്നുമുണ്ടായില്ല. കാലത്തും വൈകിട്ടുമൊക്കെ ഉമ ഹിന്ദിപാഠങ്ങൾ ഉരുവിടുന്നതു കേൾക്കാൻ തുടങ്ങി.

ഓഫീസ്വിട്ടെത്തുമ്പോൾ നേത്രൻ ഇറങ്ങിവരുന്നുണ്ടാവും. ജനാലക്കൽ തിളങ്ങുന്ന മിഴികളോടെ ഉമ നിൽക്കുന്നുണ്ടാവും.

ഉമക്കു് ഇപ്പോൾ മുമ്പത്തെപ്പോലെ ശ്രീരൻെറ കാര്യത്തിൽ ശ്രദ്ധയില്ല. ഓഫീസിലേക്കു പുറപ്പെട്ടാൽ പിച്ചിപ്പൂവുമായി അവൾ ചെല്ലാറില്ല.

രാത്രി കിടക്കുന്നതിനുമുമ്പു് 'വിളക്കണക്കട്ടെ' എന്നു ചോദിച്ചാൽ 'വരട്ടെ അല്പം വായിക്കാനുണ്ട്'—പഠിക്കുന്നതിലും വായിക്കുന്നതിലുമാണവളുടെ താല്പര്യം.

വിവാഹംകഴിഞ്ഞ് ആദ്യകാലങ്ങളിൽ അയാൾ മാസത്തിൽ മൂന്നുതവണ അവളെക്കൂട്ടി സിനിമക്കു പോകാറുണ്ടു്. ഇപ്പോളതൊക്കെ അഞ്ചുമണിക്കുശേഷവും ഞായറാഴ്ചകളിൽ പണിയെടുക്കേണ്ടിവരാറുണ്ടു്. ചോദിക്കുന്നവരോട് ശ്രീരനു ജോലി കലശലാണ്. വിശ്രമമില്ലാതെ ഇങ്ങിനെ ജോലിചെയ്യുന്നതിൽ ഉമ അനിഷ്ടം പറയും.

കഞ്ഞിയും പുരാണപാരായണവും ഓഫീസുമായി ചുററിപ്പററിനിന്നു ശ്രീരൻെറ കാര്യങ്ങൾ.

ഒരു ഞായറാഴ്ച ഉമ പറഞ്ഞു

'ഇന്നു പിക്ചറിനു പോകാം'

'എനിക്കിന്നു് ഓവർടൈം ഉണ്ട്'

'നിങ്ങൾ വരുന്നില്ലെങ്കിൽ വേണ്ട'

'പിന്നെ'

'ഞാൻ പൊയ്ക്കോട്ടെ'

'തനിച്ചോ?'

'അല്ല മാഷ് വരാമെന്നുപറഞ്ഞിട്ടുണ്ട്'

'അപ്പോൾ പ്ലാനിട്ടാണ്'

ശ്രീരൻെറ ഉള്ളൊന്നാളി; പെട്ടെന്നു് ഒതുങ്ങി. ഉത്തരവാദിത്വമില്ലാത്ത ഒരു ബന്ധത്തെപ്പററി എന്തിനു ഭയപ്പെടണം?

ഓഫീസിൽനിന്നു വൈകിയെത്തുന്ന ശ്രീരൻ ഉമയെ കണ്ടില്ല. പണ്ടൊക്കെ പൂമുഖത്ത് ചെറുചിരിയുമായി കാത്തുനില്ക്കാറുള്ള ഉമ! അവളോടൊരിക്കൽ ചോദിച്ചു. 'എന്താ വൈകുന്നേ?'

'കാച്ചുവിൻെറ പണിയുണ്ടായിരുന്നു'

'ആ പണിയിലെ താല്പര്യമുള്ളൂ എന്നു തോന്നുന്നു'

'അങ്ങിനെ തോന്നുന്നുണ്ടോ ?'

ശ്രീരൻ അവളുടെ മുഖത്തേക്കു നോക്കി. യൗവനത്തുടിപ്പാർന്ന അവളുടെ മുഖത്തെ വിടർന്ന മിഴികളിൽ ആത്മാവിൻെറ അടങ്ങാത്ത അഭിനിവേശം തെളിഞ്ഞുനിന്നിരുന്നു.

'ആരുമില്ലാഞ്ഞിട്ട് നേരംപോകുന്നില്ല'. അവൾ കീഴ്പ്പോട്ടു നോക്കിയാണു പറഞ്ഞതു്.

'അതിനെന്താവഴി—വേഗമൊരമ്മയാകാൻ നോക്ക'

ഒരിക്കൽ അച്ഛനാകാൻ പോകുന്ന ആ അനുഭവമുഹൂർത്തത്തെക്കുറിച്ചോർത്തപ്പോൾ അയാൾ രോമാഞ്ചം പൂണ്ടു. വർദ്ധിച്ച ആവേശത്തോടെ അയാളവളെ ചുംബിച്ചു....

x x x x

സന്ധ്യക്കു കയറിച്ചെന്നപ്പോൾ മുറിയിൽ പതിഞ്ഞാടുന്ന ജനാലക്കൽ അവൾ നിൽക്കുന്നു. അന്തിവെളിച്ചത്തിൽ അവൾ ചെമ്പകപ്പൂപോലെ സുന്ദരിയായി തോന്നി. നീണ്ടുകിടക്കുന്ന നീലക്കുന്നുകളുടെ താഴ്വരയിൽ ശ്രമലരികൾ പൂത്തുനിൽക്കുന്നതു ചൂണ്ടി അവൾ പറഞ്ഞു: 'ആ പൂക്കൾ കാണുമ്പോൾ ഞാനെൻെറ വീടിനെക്കുറിച്ചോർക്കുന്നു,

'അപ്പോൾ ഉമ മററാരേയും ഓർക്കുന്നില്ലേ?'

'ഉണ്ട്'

'ആരെ?'

ശ്രീരൻെറ മാറിൽ അവൾ വിരലമർത്തി.

x x x x

ദാമ്പത്യജീവിതത്തിൽ അപസ്വരങ്ങൾ ഉയരുകയായിരുന്നു. സന്ധ്യക്ക് ഓഫീസിൽനിന്നു് തളർന്നെത്തുമ്പോൾ അവളില്ല. മേശപ്പുറത്തുണ്ടു് പാതിയും കുടിച്ച രണ്ടു കപ്പു കാപ്പി—കയർപരവതാനിയിൽ സിഗരററുകുററികൾ—മേശപ്പുറത്തു് ഒരു പൂവ്.

മുടിയിൽ മുല്ലമൊട്ടുമാലയും മിഴികളിൽ പ്രകാശവുമായി ഉമ കയറിവന്നപ്പോൾ അയാൾ ഒന്നും മിണ്ടിയില്ല സംശയിച്ചതുമില്ല

എന്നാൽ രണ്ടുദിവസം കഴിഞ്ഞപ്പോൾ അയാളുടെ മുറിയിൽ അയാൾ കണ്ടു, കാൻസ്ലേർട്ടിൻെറയും സിനിമയുടേയും ടിക്കററുകൾ! കരത്തനിലത്തു തന്നെ നോക്കി പരിഹസിച്ചു ചിരിക്കുന്നപോലെ ചിതറിക്കിടക്കുന്ന മുല്ലപ്പൂക്കൾ !!

ഡ്രസ്സിങ്ങ് ടേബിളിലെ പുസ്തകം അയാൾ അലക്ഷ്യമായി മറിച്ചുകൊണ്ടിരുന്നപ്പോൾ ഒരു കടലാസ്സ്

'പ്രിയപ്പെട്ട റാണീ, നീയെൻെറ ആത്മാവിൻെറ വെളിച്ചമാണ്; ഏദനാണ്; ജീവിതത്തിൻെറ ചൈതന്യമാണ് നീയില്ലാത്ത ജീവിതം....

നിന്നെ ആദ്യമായി കണ്ടപ്പോൾതന്നെ ഞാൻ ആകർഷിക്കപ്പെട്ടുപോയി നിൻെറ നേർത്തുമെലിഞ്ഞ കൈവിരലുകളിൽ, നീലമിഴികളിൽ, അളകങ്ങളിൽ—അവയിലൊക്കെ ഞാൻ ശാശ്വതസൗന്ദര്യം കാണുന്നു. ഞാനവയെ ഇഷ്ടപ്പെടുന്നു. അവയെക്കാളുപരി ഞാൻ നിൻെറ ആത്മാവിനെ സ്നേഹിക്കുന്നു. നീയൊരു ഭാര്യയാണു് അതുകൊണ്ടു് ഞാനിതു പറയാൻ പാടില്ലാത്തതാണു്. പക്ഷെ നീയില്ലാതെയുള്ള ജീവിതം പ്രിയപ്പെട്ടവളെ വരൂ എൻെറകൂടെ നമുക്കെവിടേക്കെങ്കിലും പോകാം.

എന്നു് സ്നേഹപൂർവ്വം
നേത്രൻ'

ആ കത്തു് അയാളുടെ കരളിൽ ഒരു കരിമരുന്നുശാല നിർമ്മിച്ചു. ഉമയാകുന്ന തീനാളത്തിൻെറ സാന്നിദ്ധ്യത്തിൽ കത്തിപ്പടരുന്ന കരിമരുന്നു സാമാനങ്ങൾ!

പക്ഷെ ആ കത്തിനെക്കുറിച്ച് ഒന്നുംതന്നെ അയാൾ പറഞ്ഞില്ല

വളക്കിലുക്കവും പൊട്ടിച്ചിരികളും കൊണ്ടു് മുഖരിതമായ മുറിയിലേക്കയാൾ ചെന്നു. ഉമയോടുചേർന്നു് അയാളിരിക്കുന്നു. അയാളുടെ കൈകൾ അവളുടെ ചുമലിലാണ്.

പെട്ടെന്നു് ഉമ ചാടിയെഴുന്നേററു.

'പോട്ടേ കണ്ടോ. രണ്ടുപേർക്കും പോകാം'

വിളർത്ത മുഖത്തോടെ നേത്രൻ സ്ഥലംവിട്ടു ഉമ സ്തബ്ധയായി നിൽക്കുമ്പോൾ ശ്രീരൻ മുറിവിട്ടിറങ്ങിപ്പോന്നു. താനെന്തെങ്കിലും അക്രമം പ്രവർത്തിച്ചേക്കുമോ എന്നു ഭയം അയാൾക്കുണ്ടായിരുന്നു.

രാത്രി വളരെച്ചെന്നാണ് അയാൾ വീട്ടിലേക്കുചെന്നതു്. മുറികളിലൊന്നിലും വെളിച്ചമില്ല ചുവരിൽ തപ്പി അയാൾ തൻെറ മുറിയിലേക്കുചെന്നു. ലൈററിട്ടപ്പോൾ കണ്ടു ഭിത്തിയിൽ ചാരി തളർന്നിരിക്കുന്ന ഉമയെ. ആ കണ്ണുകൾ അടഞ്ഞിരിക്കുന്നു. നേർത്തവിരലുകൾ കവിളിൽ ചേർത്തുവെച്ചിരിക്കുന്നു. കൊച്ചു മുഖത്തിൻെറ ഭാരം ശ്വാസോച്ഛ്വാസത്തിനനുസരിച്ച് വികസിക്കുകയും സങ്കോചിക്കുകയും ചെയ്യുന്നു. അപ്പോൾ അയാൾ പതുക്കെ പറയും

പ്രിയപ്പെട്ടവളേ നിന്നെ ഞാൻ സ്നേഹിക്കുന്നു നിൻെറ അളകങ്ങളെ, നീലമിഴികളെ, വിരൽത്തുമ്പുകളെ, അവയ്ക്കെല്ലാമുപരിയായി നിൻെറ ആത്മാവിനെ....

എന്നിട്ടു..... .. ...

അരണ്ട നിലാവിലും പരക്കുന്ന പ്രപഞ്ചവും കണ്ടു് അയാൾ കിടന്നു ഏകാന്തമായ ആ രാവിൽ അവ്യക്തമായ ഒരു വിഷാദം ഹൃദയത്തിലേക്കു് ഒഴുകിവന്നു

ഉണർന്നപ്പോൾ ഉമയെ കണ്ടില്ല. ഡ്രസ്സിങ്ങ്ടേബിളിൽനിന്നു് ഒരു കടലാസ് കാററത്തു പാറാൻ തുടങ്ങുന്നു അയാളതു വായിച്ചു.

'അങ്ങ് എന്നെ തെററിദ്ധരിക്കരുതു്. ഇതൊരു ക്ഷമാപണമല്ല. എൻെറ വേദനകളുടെ പകർപ്പാണു്. ഞാൻ ആശിച്ചതും പ്രതീക്ഷിച്ചതും ഇതായിരുന്നില്ല. എൻെറയും അങ്ങയുടെയും താല്പര്യങ്ങൾ വ്യത്യസ്തമാണ്. അതുകൊണ്ടു് നമുക്കു് ഒരുമിച്ചു് ജീവിക്കാൻ വയ്യെന്നു തോന്നുന്നു കൊച്ചുനാളായി ഇതു തോന്നാൻ തുടങ്ങിയിട്ട്. മാനസികമായി നാം പൊരുത്തപ്പെട്ടിട്ടുണ്ടോ? ഇനിയും ഞാനിവിടെ ജീവിക്കുകയാണെങ്കിൽ അതങ്ങേക്കു് ഒരു പരാജയകരമായേക്കും. അതുകൊണ്ടു് ഞാൻ എൻെറ വീട്ടിലേക്കു പോകുന്നു. എൻെറ സാഫല്യമടയാത്ത ഉല്ലാസവികാരങ്ങളെ, സുന്ദരസങ്കല്പങ്ങളെ, അങ്ങയുടെ അഭാവത്തിൽ മറെറാരു ഹൃദയത്തിൻെറ മുററത്തു് പടരാൻ അനുവദിക്കാത്തതു നന്നായി. എന്തു ചെയ്യണമെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ തെററു ചെയ്തുവെങ്കിൽ എന്നോടു ക്ഷമിക്കൂ

എന്നു്, സ്വന്തം
ഉമ'

തെളിച്ചവഴിക്കു് പോകാത്ത കാളയെ പോകുന്നവഴിക്കു തെളിക്കുക. അങ്ങിനെയേ ശ്രീരൻ വിചാരിച്ചുള്ളു. കഴിഞ്ഞ അഞ്ചാറു മാസങ്ങളായി തനിക്കു് ഒരു ഭാര്യയായിരുന്നു് തൻെറ താല്പര്യങ്ങളും ആവശ്യങ്ങളും അറിയുന്ന, അതനുസരിച്ച് പ്രവർത്തിക്കുന്ന ഒരു പെൺകിടാവ് എന്നാൽ അവളുടെ ഇഷ്ടാനിഷ്ടങ്ങൾ താൻ അറിഞ്ഞില്ല അല്ലെങ്കിൽ അവ തന്നെതിൽനിന്നു ഭിന്നമായിരുന്നു. വിഭിന്നരുചിയായ താല്പര്യങ്ങളുള്ളവർക്കു് സുദൃഢമായ ദാമ്പത്യം സാദ്ധ്യമല്ലല്ലോ?

ഉമ പോയതിനുശേഷം ആദ്യനാളുകളിൽ അയാൾക്കു് വിഷമം തോന്നിയില്ല. പിന്നെ പിന്നെ ചിന്ത അവളെപ്പററിയായി. ഒന്നുമില്ലെങ്കിലും തന്നോടൊപ്പം പൊറുത്തവളല്ലേ?

ഹേമന്തവും ശിശിരവുമുള്ള വസന്തകാലത്തെ ഏകാന്തമായ രാവുകളിൽ ഉമ, അവളുടെ ദുഃഖങ്ങൾകൊണ്ടു് തണുത്തുറഞ്ഞ ഹൃദയത്തിലേക്കു് കയറിവന്നു. അവളുടെ ഓമനമിഴികൾ ആർദ്രങ്ങളാണ്. അവളുടെ ചുണ്ടുകളിൽ മൂകമായ വേദനയുണ്ട്.

അതിനെന്താവഴി. വേഗമൊരമ്മയാകാൻ നോക്ക് എന്നു പറഞ്ഞപ്പോൾ നാണിച്ചു തലതാഴ്ത്തിയ ഉമ!

വേദനയുടെ കാമുകൻ ദുഃഖത്തിൻെറ നായികയെ കാത്തിരുന്നു....

കഴിഞ്ഞ ദിവസമാണയാൾക്ക് ചേച്ചിയുടെ കത്തുകിട്ടിയതു് ഉമ അയാളുടെ ജീവിതത്തിലേക്കു് തിരിച്ചുവരാനാഗ്രഹിക്കുന്നുവത്രെ!

—

വിജയം എവിടെ നിന്നു വരുന്നു?

(ടി. എം. ചെറുകാട്)

'വസ്തുക്കൾക്ക് ഉശിരുപിടിപ്പിക്കുന്ന ഒരു മഹച്ഛക്തിയാണ് എതിർപ്പ്'—ഹേഗൽ.

X X X

'ഇതരന്മാരെ പരാജയപ്പെടുത്തി മുന്നേററത്തിൽ സമർത്ഥനായിരിക്കുന്ന മനുഷ്യനാണ് മഹാൻ'
— നീററ്ഷേ.

X X X

സന്ദർഭത്തിനൊത്തു് ഉയരുവാൻ നാം പഠിക്കണം. എപ്പോഴും തക്കംനോക്കിയിരുന്നാലേ ഇതു പററൂ. അവസരം വരുമ്പോൾ കയറി കാര്യം നേടണം.

X X X

ഏതെങ്കിലും കാര്യം ഭംഗിയായി ചെയ്യുവാൻ ആഗ്രഹമുണ്ടെങ്കിൽ അതിനു് ഒരേ ഒരു മാർഗ്ഗമേയുള്ളു. അതിതാ:-അവൻെറ സകല കഴിവുകളും അതിന്നായി അണിനിരത്തണം. അങ്ങനെ പരിശ്രമിക്കുന്നവർ വീരപുരുഷന്മാരായി മാറും. അവരാണ് ചരിത്രം സൃഷ്ടിക്കുന്നതു്.

X X X

വീട്ടിൽ ചോറുണ്ടെങ്കിലേ വിരുന്നുചോറുള്ളൂ.

X X X

ഒരു രാജ്യത്തിനു് അതർഹിക്കുന്ന ഗവമ്മേണ്ടിനെ ലഭിക്കും. ലെനിൻെറ റഷ്യ, സ്റ്റാലിൻ എന്ന കൊള്ളത്തലവനെ പ്രസവിച്ചു, മഹത്തായ ഫ്രഞ്ചു വിപ്ലവം നെപ്പോളിയനിലാണ് ചെന്നുനിന്നതു്.

X X X

അകൽച്ചകളെ പൊറുക്കുക, വിഡ്ഢിയെ നിസ്സാരമായി തള്ളുകയും മേലാൽ വീഴാതിരിക്കുവാൻ വേണ്ട കരുതൽ ആർജ്ജിക്കുകയും ചെയ്യുക.

X X X

പ്രത്യാശാഭരിതൻ പരാജയപ്പെടുകയില്ല.

X X X

'സ്നേഹംകൊണ്ടു് പ്രബുദ്ധവും ജ്ഞാനംകൊണ്ടു് നിയന്ത്രിതവുമായ ഒന്നാകുന്നു ഒരു നല്ലജീവിതം'
— റസ്സൽ.

X X X

'വിവാഹജീവിതത്തിൽ അനേകം ക്ലേശങ്ങളുണ്ട്. അവിവാഹിതജീവിതത്തിൽ യാതൊരാനന്ദവുമില്ല' - ഡോ. ജോൺസൺ.

Z X X

ഗർഭിണിയെ കാട്ടിലാക്കിയ ശ്രീരാമൻ ഉത്തമപുരുഷൻ; ശകുന്തളയെ വഞ്ചിച്ച ദുഷ്യന്തൻ ഉത്തമനായകൻ—ഹിപ്പോക്രസിയെ ഭാരതഭൂമി കലയാക്കി വളർത്തി.

'ഒന്നുകിൽ ഒരു വഴി കണ്ടെത്തും; അല്ലെങ്കിൽ ഒന്നുണ്ടാക്കും'
— സർഫിലിപ്പ് സിഡ്നി.

X Z X

വിമർശനം ഒഴിവാക്കുവാൻ ഒരു വഴിയുണ്ടു്; ഒന്നും പറയാതിരിക്കുക; ഒന്നും ചെയ്യാതിരിക്കുക; അങ്ങനെ ഒന്നുമല്ലാതാവുക'

Z Z X

ഇന്നലെയെ ചെകുത്താനു്; ഇന്നിനെ നമുക്കു്; നാളെയെ ദൈവത്തിനു്.

X X X

'എന്തു കാര്യത്തിലായാലും നിരാശപ്പെടുന്നതിലും നല്ലതു് ആശിക്കുന്നതാണ്' — ഗീഥേ.

X X X

ജീവിതമാകുന്ന സമുദ്രത്തിൽ സ്ത്രീയുടെ കപ്പൽ പുരുഷൻ.

X X X

ചെന്നെത്തേണ്ട സമയത്തിനു പത്തു മിനിട്ടെങ്കിലും മുമ്പായി ചെന്നെത്തുക.

X X X

നിമിഷമാണ് വലുതു്. ഒരു നിമിഷംപോലും പാഴിലാക്കരുതു്.

....o....